# അൽമായവേദി

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദിയുടെ മുഖപത്രം

പുസ്തകം 3 | ലക്കം 3 | ജൂലൈ 2008 | പേജ് 6


## മാനേജിംഗ് കമ്മറ്റി ആക്രോശസേനയുടെ പിടിയിൽ

### അൽമായവേദി ന്യൂസ് സർവ്വീസ്

കോട്ടയം: കേവലം പത്തിൽ താഴെ അംഗങ്ങളുടെ കണ്ഠബലത്തിനു പൂർണ്ണമായും വിധേയമായാണ് സഭാ മാനേജിംഗ് കമ്മറ്റി പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാക്കുന്നതായിരുന്നു കഴിഞ്ഞ രണ്ടു മാനേജിംഗ് കമ്മറ്റികൾ.

വളഞ്ഞ വഴിയെ മാനേജിംഗ് കമ്മറ്റിയിലെത്തിയ മെത്രാൻ സ്ഥാനാർത്ഥിയായ വൈദികന്റെ നേതൃത്വത്തിൽ ഏതാനും അംഗങ്ങൾ ആക്രോശിച്ചും ഭീഷണിപ്പെടുത്തിയും തങ്ങളുടെ രഹസ്യ അജണ്ട മാനേജിംഗ് കമ്മറ്റിയെക്കൊണ്ട് അംഗീകരിപ്പിക്കുകയാണ്. ആരെയും എതിരഭിപ്രായം പറയാൻ അനുവദിക്കാതിരിയ്ക്കുക, പറയുന്നവരെ ഒച്ച വെച്ചും ഭീഷണിപ്പെടുത്തിയും അസഭ്യം പറഞ്ഞും പിന്തിരിപ്പിക്കുക തുടങ്ങിയ കലാപരിപാടികളാണ് ഇവർ നടത്തുന്നത്.

കഴിഞ്ഞ മാനേജിംഗ് കമ്മറ്റിയിൽ വൈസ് പ്രസിഡന്റുമാരോ അസ്സോസിയേഷൻ സെക്രട്ടറിയോ മറുപടി പറയേണ്ട വിഷയത്തിന് ഈ വൈദികൻ മറുപടി പറഞ്ഞ സംഭവം വരെയുണ്ടായി. ഇതിനെ ചോദ്യം ചെയ്ത ഒരംഗത്തെ അസഭ്യം പറയാനും ആക്രോശസേന മടിച്ചില്ല. അദ്ധ്യക്ഷ സ്ഥാനത്തിരിക്കുന്നവരുടെ പിടിപ്പുകേടാണ് ഇത്തരം സംഭവങ്ങൾക്ക് കാരണമെന്ന് ആരോപണമുയർന്നിട്ടുണ്ട്.

## നിയമവിരുദ്ധ തീരുമാനങ്ങളുമായി മാനേജിംഗ് കമ്മറ്റി

കോട്ടയം: നിയമപരമായി നിലനിൽക്കാത്തതും ഭരണഘടനാ സാധുതയില്ലാത്തതുമായ തീരുമാനങ്ങളെടുത്ത് കഴിഞ്ഞ മാനേജിംഗ് കമ്മറ്റി യോഗം ചരിത്രം കുറിച്ചു. പീരുമേട് എൻജിനിയറിംഗ് കോളജ്, ശാസ്താംകോട്ട ചാപ്പൽ എന്നിവയെപ്പറ്റിയാണ് ഈ തീരുമാനങ്ങൾ.

പീരുമേട് എൻജിനിയറിംഗ് കോളജിന്റെ ഭരണഘടനാ ഭേദഗതി ചെയ്ത് സഭാ മാനേജിംഗ് കമ്മറ്റിയിൽ നിന്നും അഞ്ചുപേരെ തിരഞ്ഞെടുക്കാൻ തീരുമാനിച്ചിരുന്നു. ഇതനുസരിച്ച് തിരഞ്ഞെടുപ്പു നടത്തുന്ന വിഷയം അജണ്ടയിൽ ഉൾക്കൊള്ളിച്ചിരുന്നു. എന്നാൽ വിഷയം ചർച്ചയ്ക്കെടുത്തതോടെ ഒൻപത് അംഗങ്ങൾ വേണമെന്ന് ആവശ്യപ്പെട്ട് ഏതാനും അംഗങ്ങൾ ബഹളം ആരംഭിച്ചു.

എന്നാൽ അഞ്ചു പേരെ തിരഞ്ഞെടുക്കാൻ മാത്രമാണ് അനുമതിയുള്ളതെന്നും അതിൽ കൂടുതൽ പേരെ തിരഞ്ഞെടുക്കണമെങ്കിൽ ഭരണഘടന ഭേദഗതി ചെയ്ത് വീണ്ടും വിജ്ഞാപനം പുറപ്പെടുവിക്കണമെന്നും നിയമജ്ഞരായ ചില അംഗങ്ങൾ ചൂണ്ടിക്കാട്ടിയെങ്കിലും ആക്രോശസേന അടങ്ങിയില്ല. ഇതിനെ തുടർന്ന് ഏഴു പേരെ തിരഞ്ഞെടുക്കാമെന്ന് അദ്ധ്യക്ഷ സ്ഥാനത്തുണ്ടായിരുന്ന ശ്രേഷ്ഠ നിയുക്ത കാതോലിക്കാ നിർദേശിക്കുകയും അപ്രകാരം തിരഞ്ഞെടുപ്പു നടത്തുകയും ചെയ്തു. ഈ തിരഞ്ഞെടുപ്പ് നിയമ സാധുതയില്ലാത്തതാണെന്ന് വീണ്ടും ചൂണ്ടിക്കാട്ടിയെങ്കിലും പരിഗണിച്ചില്ല.

ഇതിനുശേഷമാണ് അടുത്ത വിചിത്ര തീരുമാനം ഉണ്ടായത്. പ മാത്യൂസ് ദ്വിതീയൻ ബാവായെ കബറടക്കിയിരിക്കുന്ന ശാസ്താംകോട്ട മാർ ഏലിയാ ചാപ്പൽ എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ ഭരണത്തിൽകീഴിലാണ്. ഇത് മാനേജിംഗ് കമ്മറ്റിയുടെ ഭരണത്തിലാക്കണമെന്ന് ആക്രോശസേന ആവശ്യപ്പെട്ടു. അജണ്ടയിലില്ലാത്തതും മാനേജിംഗ് കമ്മറ്റിക്ക് അധികാരമില്ലാത്തതുമായ ഈ വിഷയം ചർച്ച ചെയ്യാൻ പോലും അനുവദിക്കാതിരിക്കേണ്ടതിനു പകരം ആക്രോശസേനയുടെ ആവശ്യം അംഗീകരിക്കപ്പെടുകയാണ് ചെയ്തത്. പ. എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ അനുമതിയില്ലാത്ത ഈ തീരുമാനത്തിനും നിലനില്പില്ലെന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു.

## വൈദിക ഇൻഷ്വറൻസിൽ അഴിമതി?

കോട്ടയം: ഏറെ പ്രചരണം കൊടുത്ത വൈദികർക്കായുള്ള ഇൻഷ്വറൻസ് പദ്ധതിയിൽ വൻ അഴിമതി നടത്തി ലക്ഷങ്ങൾ തട്ടിച്ചതായി പരാതി.

ലക്ഷങ്ങൾ പ്രീമിയം വരുന്ന ഈ ഇൻഷ്വറൻസ് പദ്ധതി കമ്മീഷൻ ഒഴിവാക്കി കുറഞ്ഞ പ്രീമിയത്തിൽ ഏറ്റെടുത്തു നടത്താൻ ഒരു സർക്കാർ ഇൻഷ്വറൻസ് കമ്പനി മുമ്പോട്ടു വന്നിരുന്നു. ഇതിനുള്ള വ്യക്തമായ പദ്ധതിയും രേഖാമൂലം അവർ സമർപ്പിച്ചിരുന്നു.

എന്നാൽ തികച്ചും ലാഭകരമായ ഈ പദ്ധതി പരിഗണിക്കാതെ മറ്റൊരു കമ്പനിയ്ക്ക് ബിസിനസ് നൽകി. ഒരു സ്വകാര്യ ഏജന്റിന്റെ പേരിൽ പദ്ധതി നൽകി 17% കമ്മീഷൻ വാങ്ങിയതായാണ് ആരോപണം.

ഇതു സംബന്ധിച്ച് പ. പിതാവിനു നൽകിയ പരാതി ബാവായുടെ ഓഫീസ് മുക്കിയതായാണ് ആരോപണം. വൈദികസംഘം പ്രസിഡന്റ് അറിയാതെയാണ് കച്ചവടം നടത്തിയതെന്നും ആരോപണം ഉയർന്നിട്ടുണ്ട്.

## വിധി നടത്തണം: നിയമജ്ഞർ

കോട്ടയം: വിധി നടത്തു ഹർജികൾ എത്രയും പെട്ടെന്ന് നൽകുകയും നടത്തുകയും ചെയ്യണമെന്ന് മാനേജിംഗ് കമ്മറ്റിയിലെ വക്കീലന്മാരുടെ യോഗം തീരുമാനിച്ചു. പ. പിതാവിന്റെ കൽപനപ്രകാരം ജൂലൈ 12-നു ദേവലോകത്തു ചേർന്ന യോഗമാണ് ഈ തീരുമാനമെടുത്തത്.

യോഗാരംഭത്തിൽ ലീഗൽ സെല്ലിന്റെ ചുമതലയുള്ള ഡോ. മാത്യൂസ് മാർ സേവേറിയോസ് വിധി നടത്ത് പെറ്റീഷൻ സാദ്ധ്യമല്ലെന്ന് മുക്കാൽ മണിക്കൂറോളം വാദിച്ചു. എന്നാൽ യോഗത്തിൽ പങ്കെടുത്ത റിട്ട. ജസ്റ്റീസ് ജോൺ മാത്യു ഇതിനെ ഖണ്ഡിച്ചു. തുടർന്ന് അഡ്വ. വി. കെ സാബു വിധി നടത്തിനനുകൂലമായി ആഞ്ഞടിച്ചതോടെ യോഗം ഒന്നടങ്കം ഈ തീരുമാനത്തിലെത്തുകയായിരുന്നു.

വിധി നടത്തു ഹർജി നൽകാൻ കേവലം ആറു മാസം മാത്രമാണ് ശേഷിക്കുന്നത്. അതിനാൽ ഉടൻ ഹർജി നൽകണമെന്ന് ശക്തമായ സമ്മർദ്ദം ഉണ്ടായിരുന്നു. ഇതിനെ മറികടക്കാൻ വിഭജനവാദികളായ ചില തൽപ്പരകക്ഷികൾ സംഘടിപ്പിച്ചതാണ് ഈ യോഗമെന്ന് ആരോപണമുണ്ട്. എന്നാൽ ഫലം വിപരീതമായി.

## മെത്രാൻ തിരഞ്ഞെടുപ്പ്: അനിശ്ചിതത്വം തുടരുന്നു

കോട്ടയം: സെപ്റ്റംബറിലെ അസ്സോസിയേഷൻ ആസന്നമെങ്കിലും മെത്രാൻ തിരഞ്ഞെടുപ്പിലെ അനിശ്ചിതത്വം തുടരുകയാണ്. സൂക്ഷ്മ പരിശോധനാ സംഘത്തിനു വ്യക്തമായ തീരുമാനത്തിലെത്താൻ കഴിയാത്തതാണ് കാരണം.

മൊത്തം സ്ഥാനാർത്ഥികളിൽ നിന്നും 14 പേരെ സ്ക്രീനിംഗ് കമ്മറ്റി തിരഞ്ഞെടുത്ത് അവരിൽ നിന്നും 11 പേരെയാണ് മാനേജിംഗ് കമ്മറ്റി അന്തിമ സ്ഥാനാർത്ഥി പട്ടികയിൽ ഉൾപ്പെടുത്തേണ്ടത്. കർശനമായ നിബന്ധനകൾ പൂർത്തീകരിച്ച 14 സ്ഥാനാർത്ഥികൾ ഇല്ലായെന്നും അതിനാൽ നിശ്ചിത യോഗ്യതയുള്ളവരെ മാത്രം നിർദ്ദേശിച്ചാൽ മതിയെന്നുമാണ് ഭൂരിപക്ഷം അംഗങ്ങളുടെയും വാദം. എന്നാൽ എങ്ങിനെയും 14 ആക്കി നൽകണമെന്ന് മറുപക്ഷവും വാദിക്കുന്നു. അപ്രകാരം ചെയ്താൽ സ്ക്രീനിംഗ് കമ്മറ്റിയുടെ വിശ്വാസ്യത നഷ്ടപ്പെടുമെന്ന് മറുവിഭാഗം തിരിച്ചടിക്കുന്നു.

ഇതിനിടെ തങ്ങളുടെ സ്ഥാനാർത്ഥി പുറത്തായാൽ കോടതിയെ സമീപിക്കാൻ ഒരു വിഭാഗം തയ്യാറെടുക്കുന്നുണ്ട്. പെരുമാറ്റച്ചട്ടം കാറ്റിൽ പറത്തി ഈ സ്ഥാനാർത്ഥിക്കു വേണ്ടി വീടുകയറിയുള്ള പ്രചരണവും നടക്കുന്നതായി അറിയുന്നു.

## പിൻഗാമികളുടെ എണ്ണം കൂടുന്നു

മൂവാറ്റുപുഴ: പുത്തൻകുരിശു സോസൈറ്റിയിൽ പിൻഗാമികളുടെ എണ്ണം കൂടുന്നു. തിരിഞ്ഞും മറിഞ്ഞും കളിച്ച ഡോ. എബ്രഹാം മാർ സേവേറിയോസാണ് തോമസ് പ്രഥമന്റെ പിൻഗാമി പട്ടികയിലെ പുതിയ താരം.

നേരത്തെ ജോസഫ് മാർ ഗ്രീഗോറിയോസിനെയാണ് തോമസ് പ്രഥമൻ ആലുവായിലെ “പെരുവഴിയാധാര”ത്തിലൂടെ പിൻഗാമിയാക്കിയത്. എന്നാൽ ഇതിനെ മാർ പീലക്സീനോസ്, മാർ തീമോത്തിയോസ് എന്നിവർ അന്ന് പരസ്യമായി എതിർത്തിരുന്നു.

സമീപകാലത്ത് പുത്തൻകുരിശു സൊസൈറ്റിയിൽ ഉരുണ്ടുകൂടിയ പ്രശ്നങ്ങളിൽ നിന്നും ശ്രദ്ധ തിരിക്കാനാണ് ഇപ്പോൾ ഈ അഭ്യാസവുമായി രംഗത്തിറങ്ങിയതെന്ന് പറയപ്പെടുന്നു. ഇതിനെതിരെയുള്ള അണിയറ നീക്കങ്ങളും സജീവമത്രേ.

## മാർ തീമോത്തിയോസിന്റെ ചിറകരിയുന്നു

കോട്ടയം: തനിക്ക് അനഭിമിതനായ ഡോ. തോമസ്സ് മാർ തീമോത്തിയോസിന്റെ കോട്ടയം ഭദ്രാസനം വിഭജിച്ച് ഇടുക്കി സൃഷ്ടിച്ച് സ്വയം ഏറ്റെടുത്തുകൊണ്ട് തോമസ്സ് പ്രഥമൻ തന്റെ വെട്ടിനിരത്തൽ പ്രക്രിയയിൽ ഒരു ചുവടു കൂടെ മുമ്പോട്ടു വെച്ചു.

നേരത്തെ മാർ തീമോത്തിയോസിന്റെ കൈവശമുള്ള ബാഹ്യകേരള ഭദ്രാസനത്തിൽ സമാന്തര ഭദ്രാസനം സൃഷ്ടിച്ചാണ് വെട്ടിനിരത്തൽ ആരംഭിച്ചത്. അവിടെ സഹായ മെത്രാന്മാരെയും നിയമിച്ചിരുന്നു. അതിന്റെ തുടർച്ചയായാണ് ഈ നടപടിയെ നിരീക്ഷകർ കാണുന്നത്. ഇനിയും തുടർ നടപടികളുണ്ടാകുമെന്നും സൂചനകളുണ്ട്.

## വിഭജനവാദികളുടെ യോഗം പൊളിഞ്ഞു

പള്ളം: അപ്രതീക്ഷിതമായി ഉണ്ടായ ഹർത്താലും കോട്ടയം ഭദ്രാസനാധിപൻ ഗീവർഗീസ് മാർ ഈവാനിയോസിന്റെ കർശന നിലപാടും മൂലം ജൂലൈ മൂന്നിനു നടത്താനിരുന്ന വിഭജനവാദികളുടെ യോഗം പൊളിഞ്ഞു.

കോട്ടയം ഭദ്രാസനത്തിൽ ഇരു വിഭാഗത്തിലും പെട്ട വൈദികരുടെ യോഗം ചേർന്ന് വിഭജനമല്ലാതെ മറ്റു മാർഗ്ഗമില്ലെന്നു പ്രമേയം പാസ്സാക്കാനായിരുന്നു പരിപാടി. ഓർത്തഡോക്സ് സഭയിലെ വൈദികരിൽ സ്വാധീനമുള്ള ഒന്നു രണ്ടു സീനിയർ വൈദികരും ഈ തന്ത്രത്തിൽ പുത്തൻകുരിശു സൊസൈറ്റിക്കാരോടൊപ്പം പരസ്യമായി രംഗത്തിറങ്ങി.

എന്നാൽ ആദ്യം നിശബ്ദനായിരുന്ന ഇടവക മെത്രാപ്പോലീത്താ മാർ ഈവാനിയോസ് തീയതി അടുത്തതോടെ കർശന നിലപാടെടുത്തു. യോഗത്തിൽ പങ്കെടുക്കുന്ന വൈദികർ വിഭജനവാദത്തെ അനുകൂലിക്കരുതെന്നും ഐക്യത്തിനായി സംസാരിക്കണമെന്നും വൈദികർക്ക് കർശന നിർദ്ദേശം നൽകി. ഇത് സംഘാടകരെ തികച്ചും പരിഭ്രാന്തരാക്കിയിരുന്നു. ഇനി നടത്താൻ ഉദ്ദേശ്യമില്ലെന്ന് അവരിൽ ചിലർ അറിയിച്ചു.

## മെത്രാൻ സ്ഥാനാർത്ഥികൾ 31;

### പ്രായവും വിദ്യാഭ്യാസവും പറഞ്ഞ് പുറത്തായവർ പതിനഞ്ച്

പുറത്തായവർ: 1. ഫാ. എം. ഡി. ജോൺ, 2. ഫാ. ഡോ. ജോൺ മാത്യൂസ്, 3. ഡോ. നഥനിയേൽ റമ്പാൻ, 4. ഫാ. ബേബി തോമസ്സ്, 5. ഫാ. മത്തായി ഒ. ഐ. സി., 6. ഫാ. ഡോ. എം. എസ്സ്. ജോൺ, 7. ഡോ. എം. എസ്സ്. സ്കറിയാ റമ്പാൻ, 8. ഫാ. വി. എം. ജയിംസ്, 9. ഫാ. കെ. വർഗ്ഗീസ് (ചെങ്ങമനാട്), 10. സാമുവേൽ റമ്പാൻ, 11. സഖറിയ റമ്പാൻ, 12. ഫാ. ഒ. പി. വർഗ്ഗീസ്, 13 ഫാ. ടൈറ്റസ് ജോർജ്ജ്, 14. പി. സി. ജോൺ റമ്പാൻ, 15. ഐ. സി. പത്രോസ് റമ്പാൻ.

ശേഷിക്കുന്ന പതിനാറു പേരിൽ നിന്ന് സ്ക്രീനിംഗ് കമ്മിറ്റി 14 പേരുടെ ലിസ്റ്റ് മാനേജിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുകയും മാനേജിംഗ് കമ്മിറ്റി അത് 11 ആയി ചുരുക്കുകയും അവരിൽ നിന്ന് അസോസ്യേഷൻ തെരഞ്ഞെടുക്കപ്പെടുന്നവരെ സുന്നഹദോസ് അംഗീകാരത്തോടെ മെത്രാന്മാരാക്കും. പക്ഷേ, ചില തല്പരകക്ഷികളുടെ താൽപര്യപ്രകാരം ജന്മമെടുത്ത സ്ക്രീനിംഗ് കമ്മറ്റിയുടെ കത്രിക വീഴുന്നവരെ മത്സരത്തിൽ നിന്ന് ഒഴിവാക്കും. ഇവരുടെ യോഗ്യത നിശ്ചയിക്കേണ്ടത് മലങ്കര അസോസ്യേഷനായിരിക്കേ ഇഷ്ടമില്ലാത്തവരെ പുറത്താക്കാൻ ചില പ്രമുഖർ ചരടുവലി നടത്തുന്നു എന്നും പറയപ്പെടുന്നു. ഇതിന്റെ നെടുനായകത്വം വഹിക്കുന്നത് സുന്നഹദോസ്സ് സെക്രട്ടറിയും, പ. ബാവായുടെ സെക്രട്ടറിയും ആണെന്നും നിയുക്ത ബാവാ അവരുടെ പിടിയിലാണെന്നും സംസാരമുണ്ട്. പ. ബാവായുടെയും അസോസ്യേഷന്റെയും മാനേജിംഗ് കമ്മറ്റിയുടെയും അധികാരം ചോദ്യം ചെയ്യപ്പെടുമെന്നും സംശയിക്കപ്പെടുന്നു.

നോമിനേഷൻ സ്വീകരിക്കപ്പെട്ട സ്ഥാനാർത്ഥികൾ: 1. ഫാ. അലക്സ് ഡാനിയേൽ, 2. ഫാ. വി. ജെ. തോമസ്സ്, 3 ഫാ. ഡോ. മർക്കോസ് ജോസഫ്, 4. ഫാ. ഡോ. ജോർജ്ജ് പുലിക്കോട്ടിൽ, 5. ഫാ. എം. ഒ. ജോൺ, 6. ഫാ. സ്റ്റീഫൻ ഒ. ഐ. സി., 7. ഫാ. ഡോ. ജോൺ പണിക്കർ, 8. ഫാ. ഡോ. മാത്യു ബേബി, 9. യൂഹാനോൻ റമ്പാൻ, 10. സക്കറിയാ റമ്പാൻ, 11. ക്രിസ്റ്റഫോറസ് റമ്പാൻ, 12. ഫാ. ജേക്കബ് ദാനിയേൽ, 13. ഫാ. ഡോ. സാബു കുറിയാക്കോസ്സ്, 14. ജോർജ്ജ് മാത്യു റമ്പാൻ, 15. എൽദോ റമ്പാൻ, 16. തോമസ്സ് യോഹന്നാൻ റമ്പാൻ.

മുഖലേഖനം

# സെക്കുലർ സ്കൂൾ പാഠപുസ്തകങ്ങൾക്ക് സഭാ മേലദ്ധ്യക്ഷന്മാരുടെ ഇംപ്രിമാത്തൂർ ആവശ്യമോ?

തങ്ങൾ അംഗീകരിക്കാത്ത പാഠപുസ്തകങ്ങൾ സെക്കുലർ സ്കൂളുകളിൽ പഠിപ്പിക്കുവാനനുവദിക്കയില്ലെന്നും അവ പിൻവലിച്ച് "ഞാൻ പിഴയാളി" പ്രാർത്ഥനയുരുവിട്ട് രട്ടിലും വെണ്ണിരിലും കിടന്ന് ഗവണ്മെന്റ് പിഴ മൂളിയില്ലെങ്കിൽ ഗംഭീര പ്രക്ഷോഭണമുണ്ടാകുമെന്ന കത്തോലിക്കാ സഭയുടെ നിലപാട് മിതമായിപ്പറഞ്ഞാൽ അഹന്തയുടെയും ധിക്കാരത്തിന്റെയുമാണ്. എയ്ഡഡ്, അൺ എയ്ഡഡ് മേഖലകളിലെ സ്കൂളുകളും സർക്കാർ ഗ്രാന്റോടെ നടക്കുന്നതും സ്വാശ്രയ മേഖലകളിലെ കോളജുകളും സ്വാശ്രയ മെഡിക്കൽ കോളജുകളുമൊക്കെയുള്ള കത്തോലിക്കാ സഭ ഇടതുപക്ഷ ഗവണ്മെന്റ് അധികാരത്തിൽ വന്നതുമുതൽ തികഞ്ഞ അസഹിഷ്ണുതയോടെയാണ് പെരുമാറുന്നത്. സ്വാശ്രയ കോളജുകൾക്ക് ചില നിയന്ത്രണങ്ങൾ കൊണ്ടുവരുവാൻ ഈ ഗവണ്മെന്റ് ശ്രമിച്ചപ്പോഴായിരുന്നു ഇതിന്റെ ആരംഭം. മുൻ ഗവണ്മെന്റിന്റെ കാലത്ത് പകുതി കുട്ടികളെ സർക്കാർ ഫീസിൽ പഠിപ്പിച്ചുകൊള്ളാമെന്ന വാക്കാൽ കരാറിൽ കോളജുകൾ തരപ്പെടുത്തിയെടുക്കുകയും പിന്നീട് അതിനെതിരെ കോടതിയിൽ പോയി വിധി സമ്പാദിക്കയും അതിന്റെ മറവിൽ ഭീകരമായ സീറ്റുവിൽപ്പന നടത്തുകയും ചെയ്തവർ ഇപ്പോൾ "ജീവൻ കൊടുത്തും വിശ്വാസം സംരക്ഷിക്കുമെന്ന്" പ്രഖ്യാപിക്കുന്ന പ്രതിജ്ഞകൾ, റാലികൾ, സമ്മേളനങ്ങൾ, ഇടയലേഖനങ്ങൾ ഇവയിലെല്ലാം കൂടി ഓളം സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. പ്രതിപക്ഷ കക്ഷികൾ ഈ കലക്കവെള്ളത്തിൽ കയ്യിൽ വരുന്ന മീൻ പരലായാലും വാളയായാലും ലാഭം തന്നെ എന്നു കരുതുന്നതും സമര രംഗത്തെത്തുന്നതും തികച്ചും സ്വാഭാവികമാണ്.

എന്നാൽ ആർക്കും മനസ്സിലാക്കുവാനാവാത്തത് ചങ്ങനാശ്ശേരിയിൽ വച്ചു നടക്കുന്ന മേൽപ്പറഞ്ഞ "വാടാ പോടാ സംഘത്തിന്റെ" ഒത്തുചേരലിൽ ഓർത്തഡോക്സ് സഭയിലെ ചില ചുവന്ന കുപ്പായക്കാർ പങ്കെടുക്കുന്നതാണ്. സഭാ വർക്കിംഗ് കമ്മറ്റിയോ എപ്പിസ്ക്കോപ്പൽ സുന്നഹദോസോ സാമൂഹ്യപ്രശ്നങ്ങൾ പഠിക്കുവാനും വിലയിരുത്തുവാനുമുള്ള സിനഡ് സബ് കമ്മറ്റിയോ ഒന്നും ഈ വിഷയം ചർച്ച ചെയ്യുകപോലും ചെയ്യാത്തപ്പോൾ എന്തധികാരത്തിലാണ് കത്തോലിക്കാ സഭയുടെ നേതൃത്വത്തിൽ എൻ. എസ്. എസ്. ഹെഡ്ഡാഫീസിൽ നടക്കുന്ന യോഗങ്ങളിൽ ഓർത്തഡോക്സ് സഭയിലെ ഒരു മെത്രാൻ പങ്കെടുക്കുന്നത്?

ചങ്ങനാശ്ശേരി മാർക്കറ്റിൽ പണ്ടു വിഹരിച്ചിരുന്ന വാടാപോടാ സംഘം എന്നറിയപ്പെട്ടിരുന്ന ഒരു ഗുണ്ടാസംഘത്തെ വളരെ പണിപ്പെട്ട് നിയമപാലകർ അമർച്ച ചെയ്തിട്ട് ഏതാനും വർഷങ്ങളായി. അതിനെക്കാളെല്ലാം വ്യാപ്തിയും പ്രഹരശേഷിയുമുള്ള പുതിയ സംഘം രൂപപ്പെട്ടുവരുന്നതിൽ പങ്കാളികളാകേണ്ടയാവശ്യം ഓർത്തഡോക്സ് സഭയ്ക്കില്ല. കത്തോലിക്കാസഭയുടെ വിഴുപ്പു ഭാണ്ഡങ്ങൾക്ക് കീഴെ തലവച്ചുകൊടുക്കുന്ന മൗഢ്യം ഇനിയെങ്കിലും നമ്മുടെ മേലദ്ധ്യക്ഷന്മാർ അവസാനിപ്പിക്കണം.

ഉദയംപേരൂർ സുന്നഹദോസ് നടന്ന 1599 മുതൽ ഇന്നുവരെ കത്തോലിക്കാ സഭയിൽ നിന്നും പീഡനങ്ങൾ മാത്രമേ ഓർത്തഡോക്സ് സഭയ്ക്ക് ലഭിച്ചിട്ടുള്ളു. കിട്ടുന്നയവസരങ്ങളെല്ലാമുപയോഗിച്ച് ഓർത്തഡോക്സ് സഭയെ ദുർബ്ബലപ്പെടുത്തുവാൻ ശ്രമിക്കുന്നവർ ഗവണ്മെന്റിനോട് ഏറ്റുമുട്ടുമ്പോൾ മാത്രമാണ് ഓർത്തഡോക്സ് സഭയെ സ്നേഹഭാവേന വിളിക്കുന്നത്. ഇതൊന്നും ചിന്തിക്കാതെ ചങ്ങനാശ്ശേരിയിൽ ചെന്ന് ചായ കുടിച്ച് ഫോട്ടോഗ്രാഫർമാർക്ക് പോസ് ചെയ്തുവരുന്ന മേൽപ്പട്ടക്കാർ തീർച്ചയായും ഈ സഭയ്ക്ക് ഭൂഷണമല്ല.

സെക്കുലർ വിദ്യാഭ്യാസത്തിന്റെ കരിക്കുലം നിശ്ചയിക്കേണ്ടത് ചങ്ങനാശ്ശേരിയിലോ മറ്റെവിടെയെങ്കിലുമുള്ള ഇത്തരം വാടാ പോടാ സംഘങ്ങളല്ല. വിദ്യാഭ്യാസ വിചക്ഷണന്മാരാണ് കരിക്കുലത്തെപ്പറ്റി പറയുവാൻ യോഗ്യതയുള്ളവർ. അപാകതകൾ പരിശോധിക്കുവാൻ ഗവണ്മെന്റ് നിശ്ചയിച്ച സമിതിയിലേക്ക് പ്രതിനിധികളെപ്പോലുമയക്കാതെ സർക്കാരിനെ മുട്ടുകുത്തിക്കണമെന്ന വാശിയിൽ പാഠപുസ്തകം പിൻവലിച്ചശേഷം മാത്രം ചർച്ച എന്ന നിലപാട് ധിക്കാരത്തിന്റെയും അഹന്തയുടെയും ആൾരൂപമാണ്. പാഠപുസ്തകം പിൻവലിച്ച ശേഷം എന്തിനെക്കുറിച്ചാണ് ചർച്ച ചെയ്യാനുള്ളത്? തങ്ങളിറക്കുന്ന ഇടയലേഖനങ്ങൾക്ക് വിശ്വാസികൾപോലും പുല്ലുവില കല്പിച്ചിരിക്കുന്നു എന്നറിയുന്ന ബിഷപ്പുമാർ തങ്ങളുടെ കല്പനകൾ ജനാധിപത്യ വ്യവസ്ഥിതിയിലെ തിരഞ്ഞെടുക്കപ്പെട്ട ഗവണ്മെന്റ് പഞ്ചപുച്ഛമടക്കി നിന്ന് അനുസരിച്ചോണം എന്ന് പറയുന്നത് ഒന്നുകിൽ യാഥാർത്ഥ്യ ബോധമില്ലായ്മ, അല്ലെങ്കിൽ അതിരുകടന്ന അഹന്ത.

നാട്ടിൽ ഇത്തരം പ്രശ്നങ്ങളുണ്ടാകുമ്പോൾ പരിഹാരത്തിന്റെ ഭാഗമാകുവാനാണ് ഓർത്തഡോക്സ് സഭ നിലകൊണ്ടിട്ടുള്ളത്. നിലയ്ക്കൽ പ്രശ്നപരിഹാരം തന്നെ ഏറ്റവും ഒടുവിലത്തെ ഉദാഹരണം. ഇന്ന് അപ്രകാരമുള്ള സാമൂഹ്യ ഇടപെടലുകൾ നടത്തുവാൻ നമുക്കാകുന്നില്ലെങ്കിൽ അതിന്റെ കാരണം സഭാനേതൃത്വത്തിന്റെ ഇടുങ്ങിയ ചിന്താഗതിയും ധിഷണാശക്തിയില്ലായ്മയുമാണ്. വൈദിക - അൽമായ നേതൃത്വങ്ങൾ ഒരുപോലെ ദുർബ്ബലപ്പെട്ട ഒരു കാലം സഭയ്ക്ക് ഇന്നോളമുണ്ടായിട്ടില്ല. പലപ്പോഴും ആവർത്തിച്ചിട്ടുള്ള വാക്കുകൾ ഒരിക്കൽക്കൂടി ആവർത്തിക്കട്ടെ. "കേഴുക മലങ്കര മാതാവേ?"

## വരിക്കാരുടെ പ്രത്യേക ശ്രദ്ധയ്ക്ക്

അൽമായവേദിയുടെ മെയ്, ജൂൺ ലക്കങ്ങൾ സാമ്പത്തിക പ്രതിസന്ധി മൂലം പ്രസിദ്ധീകരിക്കുവാൻ സാധിക്കാത്തതിൽ ഖേദിക്കുന്നു. വരിസംഖ്യ അടച്ച് ഒരു വർഷമായവർ സ്വമേധയാ മുന്നോട്ടുവന്ന് വരിസംഖ്യ പുതുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മണിഓർഡർ അയയ്ക്കുന്നവർ

ശ്രീ. ജോർജ്ജ് മാത്യു, ട്രഷറർ, അൽമായവേദി, ചക്കാലപ്പറമ്പിൽ, പുത്തനങ്ങാടി, കോട്ടയം - 1 എന്ന വിലാസത്തിൽ അയയ്ക്കുവാൻ അഭ്യർത്ഥിക്കുന്നു.

**തോമസ് ചാണ്ടി (ജനറൽ സെക്രട്ടറി)**

ജനറൽ സെക്രട്ടറി എഴുതുന്നു

# ശൂന്യമാക്കുന്ന മ്ലേച്ഛത വിശുദ്ധ സ്ഥലങ്ങളിൽ...

കഴിഞ്ഞ കുറച്ചു നാളുകളായി കേരളത്തിൽ ആത്മീയതയുടെ പരിവേഷമണിഞ്ഞ ആട്ടിൻ തോലിട്ട ചെന്നായ്ക്കളുടെ കപട മുഖംമൂടികൾ അഴിഞ്ഞു വീഴുന്ന കാഴ്ച ജനങ്ങൾ കണ്ടുകൊണ്ടിരിക്കയാണ്. മതത്തിന്റെയും ഭക്തിയുടെയും ആവരണമുണ്ടെങ്കിൽ എന്ത് ക്രിമിനൽ കുറ്റവും ചെയ്യാമെന്നും സംരക്ഷകരുണ്ടാകുമെന്നും ഇല്ലെങ്കിൽ ഉണ്ടാക്കാമെന്നുമുള്ള ധാർഷ്ട്യം മതങ്ങളുടെ നേതൃസ്ഥാനങ്ങളിലിരിക്കുന്നവർക്ക് എക്കാലത്തുമുണ്ടായിരുന്നു - ഇപ്പോഴുമുണ്ട്. മുൻകാലങ്ങളിൽ അപഭ്രംശം നടത്തുന്ന മതാധിപന്മാർ ചുരുക്കമായിരുന്നു എങ്കിൽ ഇന്ന് നല്ല ജീവിതം നയിക്കുന്ന മതാധിപന്മാരെക്കാണണമെങ്കിൽ ഒരു വൈക്കോൽ തുറുവിനിടയിൽക്കിടക്കുന്ന സൂചി കണ്ടെത്തുന്നതിലേറെ അദ്ധ്വാനവും ക്ഷമയും വേണ്ടിവരും.

ക്രൈസ്തവ സമൂഹത്തിന് ക്രമബദ്ധമായ പൗരോഹിത്യ - നേതൃശ്രേണികളും വ്യവസ്ഥാപിത സമിതികളും മറ്റുമുള്ളതിനാൽ ദുഷിപ്പുകൾക്ക് കടന്നുകയറുവാൻ താരതമ്യേന പ്രയാസമായിരുന്നു. ഹൈന്ദവ - ഇസ്ലാമിക സമൂഹങ്ങൾക്ക് അപ്രകാരമുള്ള സംവിധാനങ്ങളില്ലാത്തതിനാൽ കൂണുപോലെ പല വ്യാജസ്വാമിമാരും സിദ്ധന്മാരുമൊക്കെ മുളച്ചു പൊന്തുന്നത് എളുപ്പമായിരുന്നു. എന്നാൽ സമീപകാലത്ത് ക്രൈസ്തവ സമൂഹത്തിന്റെ ഘടനയിലാകമാനം വ്യാപിച്ച മൂല്യശോഷണം ഈ സമൂഹത്തെ വാതം പിടിച്ച കുറുന്തോട്ടിയോ ഭ്രാന്തു പിടിച്ച ചങ്ങലയോ ആക്കി മാറ്റിയിട്ടുണ്ട്. മത - രാഷ്ട്രീയ - വ്യവസായ - മാധ്യമ കൂട്ടുകെട്ട് അതീവ മാരകമായ ഒരു സംയുക്തതയാണ്. മതാധിപന്മാർക്ക് സമ്പത്ത്, രാഷ്ട്രീയ ബന്ധങ്ങൾ, മാധ്യമശക്തി എന്നിവയിലൂടെ ജനത്തേയും നിയമവാഴ്ചയേയും വെല്ലുവിളിക്കുവാനുള്ള ബലം വന്നുചേർന്നിരിക്കുന്നു. ഇടതും വലതും രാഷ്ട്രീയ ചേരികൾ ഈ കൂട്ടുകെട്ടിന്റെ ഭാഗമായിത്തീരുന്ന കാഴ്ചയാണ് ഇന്ന് കാണുന്നത്. ചില രാഷ്ട്രീയ പാർട്ടികൾ പിളർന്ന് പിളർന്ന് ഓരോ നേതാവിനും സ്വന്തമായി ഒരു പാർട്ടി എന്ന നില വന്നതിന് സമാന്തരമായി സഭകളും പിളരുവാൻ തുടങ്ങി. അരത്തട്ടിപ്പും മുക്കാൽ വെട്ടിപ്പും ബാക്കി നാക്കിന്റെ ബലവും കൈമുതലായുള്ള ചില വീരന്മാർ തങ്ങളുടേതായ സമൂഹങ്ങൾ കെട്ടിപ്പെടുക്കുന്നതും സമകാലീന ചരിത്രം. വ്യവസ്ഥാപിത സഭകളിൽ നടമാടുന്ന അഴിമതികളേയും അക്രമങ്ങളേയുമുപേക്ഷിച്ച് പലരും ചെന്നുപെട്ടത് അതിലും വലിയ കെണികളിലേക്കാണ്. കൂട്ടായ്മകളെന്ന തുരുത്തുകളിലേക്ക് എത്തിച്ചേർന്ന വഞ്ചികൾ കൈമോശം വന്നവർക്ക് മറ്റ് അഭയസ്ഥാനങ്ങളില്ലാതെയായി. കൂടുതൽ ബുദ്ധിമാന്മാരായ നസ്രാണികൾ പ്രധാന കരയായ മാതൃസഭയിലേക്കും കൂട്ടായ്മകളെന്ന തുരുത്തുകളിലേയ്ക്കും വഞ്ചിയാത്ര നടത്തുകയും വഞ്ചികൾ കൈമോശം വരാതെ സൂക്ഷിക്കുന്നവരുമാണ്.

ഓർത്തഡോക്സ് സഭയുടെ ശുദ്ധീകരണത്തിനായി നിലകൊള്ളുന്ന ഒരു പ്രസ്ഥാനമെന്ന നിലയിൽ ഈ സഭയിലെ പല ദുഷ്പ്രവണതകളെയും ഞങ്ങൾ വിമർശിച്ചിട്ടുണ്ട്. ഇനിയും വിമർശിക്കയും ചെയ്യും. എന്നാൽ വാർത്തകളും വിവരങ്ങളും പ്രസിദ്ധീകരിക്കുന്നതിൽ ഞങ്ങളുടേതായ ത്യാജ്യ-ഗ്രാഹ്യ സംവേദനശേഷി ഞങ്ങൾ പുലർത്തിയിട്ടുണ്ട്. സഭയിലെ പല സ്ഥാനികളെയും സംബന്ധിക്കുന്ന പല അധാർമ്മിക - അസാന്മാർഗ്ഗിക വാർത്തകൾ ഞങ്ങൾ പ്രസിദ്ധീകരിച്ചിട്ടില്ല. സഭയുടെ മൊത്തത്തിലുള്ള പ്രതിഛായയെ ബാധിക്കരുത് എന്ന സദുദ്ദേശ്യത്തിലാണ് അപ്രകാരം ചെയ്തിട്ടുള്ളത്. എന്നാൽ ഞങ്ങൾ പ്രസിദ്ധീകരിക്കാതെ തന്നെ ചിലതെല്ലാം പുറത്തുവരുവാനുള്ള സാദ്ധ്യത തള്ളിക്കളയാനാവില്ല.

പുത്തൻകുരിശു സൊസൈറ്റിയുടെ ഒരു വൈദികനെ സ്ത്രീപീഡനക്കേസിൽ അറസ്റ്റു ചെയ്ത സംഭവം ഓർത്തഡോക്സ് സഭയിലെ പലരുടെയും കണ്ണു തുറപ്പിക്കേണ്ടതാണ്. പലരുടേയും അലമാരകളിലെ അസ്ഥികൂടങ്ങൾ പുറത്തുവന്നാൽ സഭയിലെ എല്ലാ അംഗങ്ങളും ലജ്ജിച്ച് തലതാഴ്ത്തേണ്ടതായി വരും. വഴിതെറ്റി സഞ്ചരിക്കുന്ന സ്ഥാനികളെ നിയന്ത്രിക്കുവാൻ സഭാനേതൃത്വം വ്യക്തമായ നടപടികളെടുക്കണം. മൂടിവയ്ക്കപ്പെടുന്ന അധാർമ്മിക പ്രവർത്തനങ്ങൾ പിന്നീട് സഭയെത്തന്നെ തിരിഞ്ഞ് കൊത്തും. അതിന്റെ ധാർമ്മികമായ ഉത്തരവാദിത്തത്തിൽ നിന്നോ ഉണ്ടാകുന്ന ദുഷ്പേരിൽ നിന്നോ സഭയ്ക്ക് മോചനമുണ്ടാകയില്ല.

ഇതുവരെ പിടിക്കപ്പെട്ടത് ചെറു മീനുകളാണ്. അതിന്റെ പ്രത്യാഘാതങ്ങളെപ്പോലും നേരിടുവാനുള്ള തന്റേടം ഗവൺമെന്റിനില്ലാതെയായി എന്നുള്ളതാണ് തുടർ നടപടികളുടെ അഭാവം പ്രകടമാക്കുന്നത്. സ്വർഗ്ഗീയവിരുന്നു പോലെയുള്ള പ്രസ്ഥാനങ്ങൾക്കെതിരെയുള്ള നടപടികൾ കോൾഡ് സ്റ്റോറേജിലേക്ക് നീങ്ങിയിരിക്കുന്നു. മാധ്യമങ്ങൾ പുറത്തുകൊണ്ടുവന്ന മറ്റനേകം തട്ടിപ്പുകാർക്കെതിരെയുള്ള നടപടികൾ ആരംഭിച്ചിട്ടു തന്നെയില്ല. നേരത്തെ പരാമർശിച്ച മത - രാഷ്ട്രീയ - മാധ്യമ - വ്യവസായ കൂട്ടുകെട്ടിനെതിരെ ആഞ്ഞടിക്കുവാനുള്ള തന്റേടം ഇടതു ഗവൺമെന്റിനു പോലും ഇല്ലാതായിരിക്കുന്നു. വലതുപക്ഷം മേൽപ്പറഞ്ഞ കൂട്ടുകെട്ടിന്റെ ഗുണഭോക്താക്കളായിരിക്കുന്നതിനാൽ അവർ സ്വാഭാവികമായും സംരക്ഷകരായി അവതരിക്കുന്നു.

ഒരു ചുവടു മുന്നോട്ടും രണ്ടു ചുവടു പിന്നോട്ടും വയ്ക്കുന്ന സർക്കാരിന്റെ ചാഞ്ചാട്ടം രാഷ്ട്രീയമായ സമ്മർദ്ദങ്ങളെത്തുടർന്നുണ്ടായതിനാൽ മേൽപ്പറഞ്ഞ കൂട്ടുകെട്ടിനെതിരെ ജനകീയ മുന്നേറ്റമുണ്ടാകണം. തീവ്രവാദ സംഘടനകൾ നാട്ടിൽ വേരുപിടിക്കുവാൻ അനുകൂലമായ കാലാവസ്ഥയാണ് ഇതുമൂലം സംജാതമാകുന്നത്. അതൊഴിവാക്കണമെങ്കിൽ ഓരോ സമുദായത്തിലും പരിഷ്ക്കരണ പ്രേരിതമായ ജനമുന്നേറ്റങ്ങൾ ഉണ്ടാകേണ്ടത് അത്യന്താപേക്ഷിതമാണ്.

### ഓഫ് സൈഡ്-ഓഫ് സൈഡ്

**കർക്കിടക മാസത്തിൽ ബൈബിൾ വായിക്കണം**

ഓർത്തഡോക്സ് ക്രിസ്ത്യാനികൾ നിശ്ചയമായും കർക്കിടക മാസത്തിൽ ബൈബിൾ വായിക്കുകയും ബാക്കിയുള്ള മാസങ്ങളിൽ വല്ല ഫ്ളാറ്റ് നിർമ്മാണമോ പിരിവുകളോ നടത്തി സഭയെ ധന്യമാക്കുകയും ചെയ്യണമെന്ന് മലബാർ മെത്രാൻ.


## അഖില മലങ്കര ഓർത്തഡോക്സ് അത്മായവേദി

കെ. വി. ഏബ്രഹാം കൊടുവത്ത് (പ്രസിഡന്റ്) ഫോൺ: 93874 27940

ക്യാപ്റ്റൻ കോശി മത്തായി (വൈസ് പ്രസിഡന്റ്) ഫോൺ: 93876 10283

തോമസ് ചാണ്ടി (ജനറൽ സെക്രട്ടറി) ഫോൺ: 93494 37714

അംഗത്വത്തിനും യൂണിറ്റ് രജിസ്റ്റർ ചെയ്യുന്നതിനും അൽമായവേദിയെ സംബന്ധിച്ച വിശദവിവരങ്ങൾക്കും ബന്ധപ്പെടുക:

AKHILA MALANKARA ORTHODOX ALMAYAVEDHI

(Reg. No. K - 713/2005) Post Box No. 652, Kottayam 686 001

Phone: 93497 54448

E-mail: orthodoxalmayavedhi@yahoo.co.in

Web: www.malankaraorthodoxalmayavedhi.org

To visit Our Online Discussion group (Malankara Orthodox Renaissance Movement) on the web, go to: http://in.groups.yahoo.com/group/MORM/

## തിരഞ്ഞെടുപ്പ് കമ്മീഷൻ മത്സരിക്കുന്നു

### ജെറി മാവേലിക്കര

പ. ബാവായുടെ പ്രിൻസിപ്പൽ സെക്രട്ടറി ഫാ. സാബു കുറിയാക്കോസ് മെത്രാൻ തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയായത് ചട്ടവിരുദ്ധം ആണ്. മെത്രാൻ ആകാൻ പ. ബാവായുടെ ഓഫീസിനെ ദുർവിനിയോഗം ചെയ്യുകയാണ് ഫാ. സാബു കുറിയാക്കോസ്. സ്ഥാനം ഒഴിഞ്ഞിട്ട് വേണ്ടിയിരുന്നു നോമിനേഷൻ നൽകാൻ.

## തങ്കുവിന്റെ തങ്കക്കുടം ചടഞ്ഞ് ഉടഞ്ഞു

### മാത്യു പുതുപ്പള്ളി

പുതുപ്പള്ളിപ്പെരുന്നാളിനോട് അനുബന്ധിച്ച് പെരുന്നാളിന് ബദലായി തങ്കു പാസ്റ്റർ പുതുപ്പള്ളി കവലയിൽ അനുഗ്രഹം കവിഞ്ഞൊഴുക്കി. പള്ളിപ്പരിസരത്ത് പോസ്റ്ററും ബാനറും വച്ച് സഹദാ ഭക്തരെ മാടി വിളിച്ചു. സത്യം പറയണമല്ലോ പുതുപ്പള്ളിപള്ളി വികാരി കുർബ്ബാന മദ്ധ്യേ വികാരഭരിതനായി വിലപിച്ചു. സഹോദരങ്ങളെ, അവസാനനാളത്തെ കാഹളം കേൾക്കാൻ വിരുന്നുശാലയിൽ പോകരുത്. ഈ പ്രാവശ്യത്തെ പെരുന്നാളിൽ വി. സഹദാ വ്യാളിയുടെ വായിലെ കുന്തം എടുത്ത് കുത്തുന്നത് തങ്കുവിന്റെ നെഞ്ചിലായിരിക്കും. പ്രവചനം ഫലിച്ചു. വർഷങ്ങൾക്ക് മുമ്പ് കക്ഷിവഴക്ക് മൂർച്ഛിച്ച് നിൽക്കുമ്പോൾ അന്നത്തെ പുതുപ്പള്ളിപള്ളി വികാരി പാറയ്ക്കൽ കുറിയാക്കോസ് കോർഎപ്പിസ്ക്കോപ്പാ കുർബ്ബാനമദ്ധ്യേ പ്രവചിച്ചു. വിരുദ്ധന്മാരായ സഹോദരങ്ങളെ, സഹദായെ ദ്രോഹിക്കരുത്. നിങ്ങളുടെ ശീശ്മ പുതുപ്പള്ളിപാലത്തിനക്കരെ നടത്തിക്കൊള്ളുക. അതും അങ്ങിനെ ഭവിച്ചു.

## ഇരവിനല്ലൂർ (പുതുപ്പള്ളി) പാത്രിയർക്കാ പള്ളി പുറമ്പോക്ക് കൈയേറി

പുതുപ്പള്ളിപള്ളിക്ക് ബദലായി വിഘടിതവിഭാഗം പടുത്തുയർത്തിയ ഇഷ്ടികക്കളം, രാഷ്ട്രീയ പ്രമുഖരുടെയും, പഞ്ചായത്തിന്റെയും ഒത്താശയോടെ പിന്നീട് പ്രാർത്ഥനാലയമായി. രാഷ്ട്രീയ ബന്ധുബലം മൂലം പള്ളിയായി. അവർ അനധികൃതമായി ഉണ്ണുനീലി സന്ദേശം റോഡിന്റെ കവാടം അടച്ചും മണർകാട് പെരുന്തുരുത്തി റോഡിന്റെ പുറമ്പോക്ക് പൊക്കിയും നടത്തുന്ന നിയമ ലംഘനങ്ങൾ അധികൃതർ കണ്ടില്ലെന്നു നടിക്കുന്നു. അനധികൃത കൈയേറ്റങ്ങൾക്കു മുമ്പിൽ ഗവൺമെന്റ് കണ്ണടക്കുന്നു.

U.D.F ഭരണകാലത്ത് ഈ സ്ഥാപനത്തിന് സൗന്ദര്യം വർദ്ധിക്കാൻ കിഴക്കു ഭാഗത്തും പടിഞ്ഞാറുഭാഗത്തും പുറമ്പോക്കെടുക്കാൻ കരാറുണ്ടാക്കി. എന്നാൽ കിഴക്കുഭാഗം പുതുപ്പള്ളിപള്ളി വക പുരയിടമാണ്. പടിഞ്ഞാറുഭാഗം ടി. പാത്രിയർക്കാ പള്ളിയുടെ സെമിത്തേരിയും. ഈ ഉടമ്പടിയുടെ മറവിൽ തെക്കുഭാഗത്ത് ഉണ്ണുനീലി സന്ദേശം റോഡിന്റെ പുറംപോക്കും, വടക്കുഭാഗത്ത് മണർകാട്-പെരുന്തുരുത്തി റോഡിന്റെ പുറംപോക്കും യഥേഷ്ടം കൈയേറി. പക്ഷേ, കൈയേറ്റക്കാർക്ക് കൈത്താങ്ങായി രാഷ്ട്രീയ, മാധ്യമ സാംസ്ക്കാരിക പ്രമുഖരുണ്ട്. വിവിധ രാഷ്ട്രീയ പ്രമുഖർക്ക് താല്പര്യമുള്ള മൂന്നാർ കൈയേറ്റം ഒഴിപ്പിക്കൽ വരെ നിർത്തിവച്ച സാഹചര്യത്തിൽ ഈ കൈയേറ്റം കണ്ടതായി ഗവൺമെന്റ് നടിക്കില്ല. കാരണം, വൻകിട കൈയേറ്റക്കാരെയും, വ്യാജ സഭകളേയും, വ്യാജന്മാരായ ആത്മീയരേയും, വൻകിട റിയൽ എസ്റ്റേറ്റ് മാഫിയാമാരേയും സംരക്ഷിക്കുന്ന ചുമതല രാഷ്ട്രീയ പ്രമുഖരുടെ മുഖമുദ്രയാണല്ലോ.

## യാഥാർത്ഥ്യവുമായി ബന്ധപ്പെടുന്നില്ല

### ജോർജ്ജ് തലവടി

ഓർത്തഡോക്സ് സഭയുടെ ദുർവിധി എന്ന ലേഖനം നല്ലതും, സത്യവുമാണ്. പക്ഷേ, അന്നത്തെ വക്കീലന്മാർ സുപ്രീംകോടതി ഉത്തരവ് നടപ്പാക്കാൻ നിർദ്ദേശിച്ചു എന്ന ഭാഗം അംഗീകരിക്കാനാവുന്നില്ല. സുപ്രീംകോടതി പറഞ്ഞ മൂന്ന് മാസത്തിനകം അസോസ്യേഷൻ കൂടാൻ പോലും വക്കീലന്മാർ വിസമ്മതിച്ചു. അത്മായവേദിയുടെ ഭാഷയിൽ പറഞ്ഞാൽ അഡ്വ. കെ. ജോർജ്ജും മറ്റും *ഉചാമറ*യുടെ പക്ഷത്തുമായിരുന്നു. നിങ്ങൾ തന്നെ അഡ്വ. കെ. ജോർജ്ജ്, കെ. എം. മാത്യു എന്നിവരെ പഴയസെമിനാരിയുടെ വാതിലിൽ തടഞ്ഞ് പ്രശ്നം സൃഷ്ടിച്ചതല്ലേ?

## ഇതോ 1934-ലെ ഭരണഘടന

### ജയ്സൺ അടൂർ

ഏറ്റവും വലിയ ജനാധിപത്യ പാർലമെന്റിനെ ഏതാനും മെത്രാന്മാരുടെയും ചില സ്ഥിരം സ്ഥാനികളുടെയും താല്പര്യത്തിന് കീഴ്പ്പെടുത്തി. മെത്രാൻ തിരഞ്ഞെടുപ്പിൽ അസോസ്യേഷൻ അംഗത്തിന് വോട്ടു ചെയ്യാൻ സുന്നഹദോസ് നോമിനികൾ മാത്രം. ഇതാണോ 1934-ലെ സഭാ ഭരണഘടന വിഭാവനം ചെയ്യുന്നത്? എന്തായാലും പ്രതികരണം എഴുതിയ അത്മായവേദിക്ക് അഭിനന്ദനം. ആദർശം പറഞ്ഞ മലങ്കരസഭാദീപം ഉടമ സ്ഥാനാർത്ഥിത്വം ലഭിച്ചതിനാൽ പ്രതികരിക്കാതിരിക്കുന്നതു കഷ്ടം.

## സത്യം വ്യക്തമാക്കി

### യോഹന്നാൻ കോതമംഗലം

വളരെ നാളുകൾക്ക് ശേഷമാണ് അത്മായവേദി ലഭിച്ചത്. മനോരമയും, ബാബു പോളും കൂടി പാത്രിയർക്കീസിനെ വാഴ്ത്തിയ ലേഖനങ്ങളിലെ പൊള്ളത്തരം വ്യക്തമായി പ്രതിപാദിച്ചത് നന്നായി.

## മലങ്കരസഭാദീപം കത്തിച്ചു

പുതുപ്പള്ളി: പുതുപ്പള്ളി പെരുനാളിനോട് അനുബന്ധിച്ച് മലങ്കരസഭാദീപം കൗണ്ടറിൽ വിഘടിത വിഭാഗം സഭയുടെ വക്താവ് കല്ലാപ്പാറ കത്തനാരുടെ സുവർണ്ണ ജൂബിലി വാർത്തയും മണ്ണാറപ്രായുടെ സുവിശേഷവും അച്ചടിച്ച സഭാദീപം വച്ചതിന്റെ പ്രതികൾ പിടിച്ചെടുത്ത് കത്തിച്ചു. കൗണ്ടറിൽ ഇരുന്നവരെ കൈകാര്യം ചെയ്യാനുള്ള ശ്രമം പള്ളിയുടെ കമ്മറ്റി അംഗവും അത്മായവേദി പ്രസിഡന്റുമായ കെ. വി. ഏബ്രഹാം കൊടുവത്ത് ഇടപെട്ട് ശാന്തമാക്കി.

## പാറാട്ടാശുപത്രി പിടിയിലാക്കാൻ പിടിവലി

പുതുപ്പള്ളി: പാറാട്ടാശുപത്രി കമ്മറ്റിയിൽ സ്ഥിരം അംഗമാകാൻ മുൻ സെക്രട്ടറിമാർ ഇടിച്ചു കയറുന്നു. സഭയുടെ എല്ലാ സ്ഥാപനത്തിലും, അംഗമാകാൻ എന്നും വെമ്പൽ കൊള്ളുന്ന സന്യാസിവര്യൻ തന്നെ മുന്നിൽ. ആതുരസേവനരംഗത്ത് പ്രവർത്തിക്കുന്ന ഒരു വൈദികനും പാറാട്ടാശുപത്രിയോട് ആവേശം. മറ്റൊരു മുൻ അത്മായനായ സെക്രട്ടറി ബാവാതിരുമേനിയുടെ കല്പന കടലാസുമായി വന്നു. അത് മെത്രാൻ തടഞ്ഞു എന്ന് കേൾക്കുന്നു. പുതിയ സമിതി അഡ്മിനിസ്ട്രേറ്ററെ മാറ്റി ഒരു യുവതിയെ ആ പോസ്റ്റിലാക്കി. സെക്രട്ടറി സ്ഥാനത്തിന് അർഹതയുള്ള പുതുപ്പള്ളിപള്ളി വികാരിയെ ഒഴിവാക്കി ഒരു യുവ വൈദികനെ നിയമിച്ചത് വൈദിക കുടിപ്പകയാണെന്നും സംസാരമുണ്ട്. പുതിയ ഡോക്ടർമാരെ നിയമിക്കുന്നതിൽ പഴയ ആളുകൾക്ക് തൃപ്തിയില്ല എന്നും കേൾക്കുന്നു. രണ്ടുമൂന്ന് വർഷം മുമ്പ് മേട്രൻ പോസ്റ്റിലേക്ക് ആശുപത്രിയുടെ പ്രാരംഭകാലത്ത് മാത്യൂസ് പ്രഥമൻ ബാവാ നിയമിച്ച പുതുപ്പള്ളി ഇടവകക്കാരിയായ സ്റ്റാഫ് നേഴ്സിനെ നിയമിച്ചു. ചാർജ്ജ് എടുക്കാൻ നിർദ്ദേശിച്ച സെക്രട്ടറിയും കൂട്ടരും അവരറിയാതെ മറ്റൊരു സ്ത്രീയെ നിയമിച്ചു. സഭാസ്ഥാപനങ്ങളുടെ ഒരു ദുഃസ്ഥിതി.

## ചില മാധ്യമങ്ങളിലെ വാർത്തകളിലെ പൊരുത്തക്കേട്

### കെ. വി. ഏബ്രഹാം കൊടുവത്ത്

സമീപകാലത്ത് മലങ്കരസഭയിൽ യോജിപ്പാകണം എന്ന് പ. പാത്രിയർക്കീസുബാവാ മനോരമയോടു പറഞ്ഞു എന്ന വാർത്ത വായിച്ചു. പ. ബാവായുടെ ഈ ആഗ്രഹം യാഥാർത്ഥ്യം എങ്കിൽ ഓർത്തഡോക്സ് അത്മായവേദി അതിനെ സർവ്വാത്മനാ സ്വാഗതം ചെയ്യുന്നു. എന്നാൽ തൊട്ടടുത്ത ദിവസം ശ്രേഷ്ഠ കാതോലിക്കാ സഭയെ ഭാഗിച്ച് പിരിയാം എന്നു പറഞ്ഞതും മനോരമ പ്രസിദ്ധീകരിച്ചു. ഇതിൽ ഏതാണ് വിമതവിഭാഗത്തിന്റെ തീരുമാനം എന്നറിയില്ല. എന്തായാലും ഇപ്പോഴത്തെ അവസ്ഥയിൽ പ. പാത്രിയർക്കീസുബാവായുടെ അഭിപ്രായങ്ങൾക്ക് ശ്രേഷ്ഠ ബാവാ എതിർപ്പ് പ്രകടിപ്പിക്കും എന്ന് ഞങ്ങൾ വിശ്വസിക്കുന്നില്ല. അതുകൊണ്ട് തന്നെ പ. പാത്രിയർക്കീസുബാവാ സഭായോജിപ്പ് വാഞ്ചിക്കുന്നു എന്ന മനോരമ വാർത്ത വ്യാജമാണെന്ന് ചിലരെങ്കിലും തെറ്റിദ്ധരിക്കപ്പെട്ടത് സ്വാഭാവികമാണ്.

പാഠപുസ്തക വിവാദത്തിൽ തൃശൂർ മെത്രാപ്പോലീത്തായുടെ പ്രസ്താവനയ്ക്ക് വിരുദ്ധമായി 'സഭയുടെ പ്രതികരണം' എന്ന രീതിയിൽ വന്ന വാർത്തകളും സഭാനേതൃത്വത്തിന്റെ അറിവോടെയല്ല. പാത്രിയർക്കീസ് ബാവായുടെ ജൂബിലി ആഘോഷം ശ്രേഷ്ഠ ബാവായും സഭയും മറന്നപ്പോൾ ഡോ. ബാബു പോളിനെ ഉപയോഗിച്ച് പാത്രിയർക്കീസുബാവായുടെ മാർത്തോമ്മാശ്ലീഹായോടുള്ള ആദരവ് പ്രകടിപ്പിക്കുന്ന വാർത്ത സൃഷ്ടിച്ചു. യാക്കോബ് തൃതീയന്റെ 203-ാം നമ്പർ ഇപ്പോഴത്തെ ബാവാ പിൻവലിച്ച് തോമ്മാശ്ലീഹായുടെ പൗരോഹിത്യം അംഗീകരിച്ചാൽ സഭാപ്രശ്നം തീരും എന്നതു സത്യമല്ലേ?

ജൂലൈ പത്തിലെ പത്രത്തിൽ ആകമാന യാക്കോബായ സഭയുടെ മെഡിക്കൽ മിഷൻ സിറിയായിൽ ഉദ്ഘാടനം നടത്തിയ വാർത്ത വായിച്ചു. ആകമാന സുറിയാനി ഓർത്തഡോക്സ് സഭയുടെ എന്നായിരുന്നു എങ്കിൽ അതല്ലേ ശരി. സിറിയായിൽ യാക്കോബായ എന്നൊരു സഭയുണ്ടോ? വിശ്വാസികളെ വികലപ്പെടുത്തുന്ന നവീനനാമങ്ങൾ സഭയ്ക്ക് നൽകുന്നതും വിഘടിതരെ നിലനിർത്തി സഭാ ഐക്യം തകർക്കുന്നതും കച്ചവടതന്ത്രം തന്നെ.

പ. പാത്രിയർക്കീസു ബാവാ തന്റെ മുൻഗാമി അംഗീകരിച്ച സുപ്രീംകോടതി ഉത്തരവും 1934-ലെ സഭാ ഭരണഘടനയും അംഗീകരിക്കുന്നതായി പ. കാതോലിക്കാബാവായെ അറിയിച്ചാൽ പിന്നെ സഭാപ്രശ്നം ഇല്ലാതാവുമല്ലോ? ഇരു വിഭാഗത്തിലെയും മെത്രാന്മാർ തെക്കോട്ടും വടക്കോട്ടും പടിഞ്ഞാറോട്ടും തിരിഞ്ഞ് വടംവലിച്ചാൽ ഇരുവിഭാഗവും നന്നാവില്ല. ഇരു വിഭാഗത്തിലെയും സാധാരണ വിശ്വാസികൾ പ. പാത്രിയർക്കീസു ബാവായോടും പ. കാതോലിക്കാബാവായോടും ഭക്തിയും ആദരവും ഉള്ളവരാണ്. പക്ഷേ, സ്ഥാനമാന പദവിയിൽ ഇരിക്കുന്നവരും, രാഷ്ട്രീയ, മാധ്യമ, വ്യവസായ, കച്ചവടക്കാരും സഭായോജിപ്പിന് അവസരം സൃഷ്ടിക്കില്ല. ഇത്തരം ഇത്തിക്കണ്ണികൾ സഭാ സ്ഥാപനങ്ങൾ അവരുടെ കൈപ്പിടിയിലൊതുക്കിയും ശേഷിക്കുന്ന വിഭാഗങ്ങളെ അവരുടെ കറവപ്പശുക്കളുമായി ഉപയോഗിക്കുന്നു. ഈ യാഥാർത്ഥ്യം വിശ്വാസികൾ തിരിച്ചറിയണം.

ഇവിടുത്തെ മാധ്യമ പ്രമാണികളും, രാഷ്ട്രീയ പ്രമുഖരും നിശ്ചയിച്ചാൽ സുപ്രീംകോടതി ഉത്തരവുപ്രകാരം സഭാ പ്രശ്നം തീർക്കാം. കാരണം ഇരു വിഭാഗവും തുടരെ തുടരെ പ്രഖ്യാപിക്കുന്നു, ഞങ്ങൾ സുപ്രീംകോടതി ഉത്തരവ് മാനിക്കുന്നു എന്ന്. പക്ഷേ, ഇതു നടപ്പാക്കേണ്ട ഭരണക്കാരും യാഥാർത്ഥ്യം വ്യക്തമാക്കേണ്ട മാധ്യമങ്ങളും അവരവരുടെ യഥാർത്ഥ കടമ നിർവഹിക്കാതെ സഭയെ വെടക്കാക്കി വാർത്ത സൃഷ്ടിച്ച് വളരുന്നു. സഭ തളരുന്നു. ഈ യാഥാർത്ഥ്യം മനസ്സിലാക്കി നിഷ്കളങ്കരായ വിശ്വാസികൾ ഉണർന്ന് പ്രവർത്തിക്കയും, പ്രാർത്ഥിക്കയും ചെയ്യണം എന്ന് താല്പര്യപ്പെടുന്നു.

## കോലഞ്ചേരി മെഡിക്കൽ മിഷൻ ഹോസ്പിറ്റലും, കങ്ങഴ ആശുപത്രിയും സഭ വക അല്ലെന്ന് പ്രഖ്യാപിക്കണം

### ജോർജ്ജ് കുരുവിള

സഭാകേന്ദ്രങ്ങളിൽ പറ്റിക്കൂടി ഭരണക്കാരായി വിരാജിച്ച വ്യവസായികളും പ്രമുഖരും പൂർവ്വപിതാക്കൾ കഷ്ടപ്പെട്ട് കെട്ടിപ്പെടുത്ത സഭ വക സ്ഥാപനങ്ങൾ സ്വകാര്യ വ്യവസായങ്ങളാക്കിത്തീർക്കുകയും സഭയുടെ ആനുകൂല്യങ്ങൾ ഗവൺമെന്റിൽ നിന്നു നേടുകയും, വിശ്വാസികളെയും എന്തിന് സഭയിലെ സഭാസ്നേഹികളായ മെത്രാന്മാരെയും, വൈദികരെയും വരെ വഞ്ചിക്കുന്നു. പുലിക്കോട്ടിൽ തിരുമേനിയുടെ മനോരമയും ഔഗേൻ ബാവായുടെ കോലഞ്ചേരി ആശുപത്രിയും ഇതിന്റെ പ്രത്യക്ഷ ഉദാഹരണങ്ങളല്ലേ? പുതുപ്പള്ളിയിലെ പാറാട്ടാശുപത്രിയും ചില പ്രമുഖരുടെ കൈപ്പിടിയിൽ ആക്കി എടുക്കാൻ നീക്കങ്ങൾ ആരംഭിച്ചിട്ടുണ്ട്.

## ആർക്ക് ചേതം

വാകത്താനം ബസ്സേലിയോസ് ദയറായോട് അനുബന്ധിച്ച് കോടികൾ മുടക്കി പണിതീർത്ത മണിമന്ദിരം വിഘടിത വിഭാഗം മെത്രാൻ ജോസഫ് ഗ്രീഗോറിയോസ് രക്ഷാധികാരിയായുള്ള എൻജിനീയറിംഗ് കോളജിന്റെ ഹോസ്റ്റലാക്കി. സണ്ടേസ്ക്കൂളിന്റെ പേരിൽ കുട്ടികളെക്കൊണ്ട് പണം പിരിച്ച് കെട്ടിടം കെട്ടി കാട്ടിക്കൂട്ടുന്നതു സഹിക്കാം. ഈ കോമ്പൗണ്ടിന്റെ അടുത്ത പുരയിടത്തിലെ മണ്ണ് ഏതാണ്ട് 35 അടിയോളം താഴ്ചയിൽ എടുത്തുമാറ്റി. സണ്ടേസ്ക്കൂൾ കെട്ടിടത്തിന്റെ കോമ്പൗണ്ട് വോൾ ഈ കാലവർഷത്തോടെ സമീപത്തുള്ള പുഞ്ചകണ്ടത്തിൽ പതിയും. അതുപോലെതന്നെ കോട്ടയം പട്ടണത്തിന്റെ ഹൃദയഭാഗത്ത് കെ. എം. ജി. സെന്ററിനും കളക്ട്രേറ്റിനും ഇടയിലുള്ള സഭ വക സ്ഥലം കിടങ്ങു കുഴിച്ച് മണ്ണ് വിറ്റു. ആ സ്ഥലം അനാഥമായി കിടക്കുന്നു. ഈ സഭയ്ക്ക് ഒരു ഭരണസംവിധാനം ഉണ്ടോ? അതോ ഈ കണ്ണായ സ്ഥലത്തിന് കണ്ണു വച്ചിട്ടുള്ള കോട്ടയം കുഞ്ഞച്ചന്മാരുണ്ടോ?

## ഔഗേൻ മാർ ദീവന്നാസ്യോസിന്റെ ഓർമ്മ

ഔഗേൻ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ ഓർമ്മയെ യഥോചിതം ആഘോഷിച്ച വള്ളിക്കാട്ടു ദയറാ ഭാരവാഹികളുടെ ആചാരാനുഷ്ഠാനങ്ങളിലും സഭാപാരമ്പര്യങ്ങളെയും ഓർത്തഡോക്സ് അത്മായവേദി അഭിനന്ദിക്കുന്നു. വന്ദ്യ പിതാവിന്റെ സ്മരണയ്ക്കു മുമ്പിൽ അത്മായവേദിയുടെ പ്രണാമം.

അത്മായവേദിയുടെ മാർഗ്ഗദർശിയും, ഉപദേഷ്ടാവും എന്തിന് അത്മായവേദിയുടെ വേദികളിൽ നിസങ്കോചം കടന്നുവന്ന് ഞങ്ങൾക്ക് ആർജ്ജവം നൽകിയിട്ടുള്ള പിതാക്കന്മാരിൽ പ്രഥമ ഗണനീയനാണ് ഔഗേൻ മാർ ദീവന്നാസ്യോസ്.

**നസ്രാണി പഠനങ്ങൾ ഭാഗം 1**
എം. കുര്യൻ തോമസ്
അവതാരിക: ഫാ. ഡോ. ജേക്കബ് കുര്യൻ

വില: 50 രൂപ മാത്രം
കോപ്പികൾക്ക് എം. ഒ./ഡ്രാഫ്റ്റ് അയക്കുക. വിലാസം: AKHILA MALANKARA ORTHODOX ALMAYAVEDHI, POST BOX NO. 652, KOTTAYAM - 686 001

# പുത്തൻകുരിശ് സൊസൈറ്റി എങ്ങിനെ യാക്കോബായ സഭയാകും

### റ്റി. കെ. തൃക്കോതമംഗലം

മലങ്കര ഓർത്തഡോക്സ് സഭയിൽ നിന്ന് 1970-നു ശേഷം വിഘടിച്ചു നിൽക്കുന്ന വിഭാഗം സിറിയൻ ഓർത്തഡോക്സ് പാത്രിയർക്കീസിനെ പ്രീണിപ്പിച്ചും, ഭീഷണിപ്പെടുത്തിയും പുത്തൻകുരിശു കേന്ദ്രീകരിച്ച് ഒരു സൊസൈറ്റി രൂപീകരിച്ചു. ഇതിന് 2002-ൽ തന്നെ ഒരു ഭരണഘടനയും സൃഷ്ടിച്ചു. ബാബു പോളിന്റെ ഭാഷയിൽ പറഞ്ഞാൽ, ഈ പ്രസ്ഥാനത്തിന് ഒരു സൊസൈറ്റി കാതോലിക്കായും ഉണ്ടായി. ഈ കാതോലിക്കാ സ്വയം പറയുന്നു, താൻ സിറിയൻ ഓർത്തഡോക്സ് പാത്രിയർക്കീസിന്റെ കീഴ്സ്ഥാനിയായ കാതോലിക്കാ ആകുന്നു എന്നും ഏകദേശം നാനൂറിലധികം ക്രിമിനൽ കേസ്സിലെ പ്രതിയാണെന്നും.

അങ്ങിനെ ഒരു വൈദേശിക സഭാപിതാവിന്റെ കീഴ്സ്ഥാനിയും ക്രിമിനലുമായ ഇദ്ദേഹം അറിയപ്പെടാനാഗ്രഹിക്കുന്നത് മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷനായും, കാതോലിക്കായായുമാണ്. മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രാദേശിക വിളിപ്പേരായ യാക്കോബായ സഭ എന്നാണ് പുത്തൻകുരിശിലെ പുത്തൻ സൊസൈറ്റിക്ക് പേരിട്ടിരിക്കുന്നത്. 1958-ലും, 1995-ലും തുടർന്നും ഇൻഡ്യൻ സുപ്രീംകോടതി ഡിവിഷൻ ബഞ്ചുകൾ ആവർത്തിച്ചാവർത്തിച്ച് ഉത്തരവിറക്കി. മലങ്കര യാക്കോബായ സഭ എന്നു പറയപ്പെടുന്ന ഓർത്തഡോക്സ് സിറിയൻ ചർച്ചിന്റെ 1934-ലെ സഭാ ഭരണഘടനയും 1912-ലെ കാതോലിക്കേറ്റും സത്യവും യാഥാർത്ഥ്യവുമാണെന്ന്. ഈ അംഗീകരിക്കപ്പെട്ട ഭരണഘടനയിൽ പറയുന്നത്, ചില പ്രത്യേക കാരണങ്ങളാൽ മലങ്കര ഓർത്തഡോക്സ് സഭയെ തെറ്റായി യാക്കോബായ സഭ എന്നും അറിയപ്പെടുന്നു എന്നാണ്. ചുരുക്കിപ്പറഞ്ഞാൽ സഭയെ തെറ്റായി അറിയപ്പെടുന്ന യാക്കോബായ എന്ന നാമം സഭയിൽ നിന്നും തെറ്റിപ്പിരിഞ്ഞവർ പേരാക്കി. ഈ യാഥാർത്ഥ്യം അറിയാവുന്ന മാധ്യമങ്ങളും, കേരളത്തിലെ ഭരണക്കാരായ രാഷ്ട്രീയക്കാരും, മറ്റു സഹോദരീസഭകളും, എ. ഡി. 52-ൽ സ്ഥാപിതമായ ഈ സഭയെ ചിന്നഭിന്നമാക്കാൻ കൂട്ടുനിൽക്കുന്നു. സുപ്രീംകോടതി ഉത്തരവ് നടപ്പാക്കാൻ സഭാനേതൃത്വത്തിന് പ്രാപ്തിയും പോരാത്ത അവസ്ഥ. സാധാരണ വിശ്വാസിയെ തകർക്കുകയും സഭയെ തളർത്തുകയും ചെയ്യുന്നു. ഇന്നും സഭ ഒരു പറ്റം രാഷ്ട്രീയ, മാധ്യമ, വ്യവസായ മാഫിയാമാരുടെ ബിനാമികളാൽ ഭരിക്കപ്പെടുന്നു. മലങ്കരസഭയെ ഓർത്തഡോക്സ്, യാക്കോബായ എന്ന പേരിലറിയപ്പെടുന്നു. ഇൻഡ്യ മഹാരാജ്യത്തെ ഭാരതം, ഹിന്ദു രാജ്യം എന്നൊക്കെ പറയുന്നതുപോലെയാണ് മലങ്കര ഓർത്തഡോക്സ് സഭയെ യാക്കോബായ എന്നും അറിയപ്പെടുന്നത്.

അന്ത്യോഖ്യൻ സഭയേയും സിംഹാസനത്തേയും റോമൻ സഭ അധീശപ്പെടുത്തിയപ്പോൾ യാക്കോബ് ബുർദ്ദാനയാൽ സിറിയായിൽ പുനഃസ്ഥാപിതമായ ഓർത്തഡോക്സ് വിശ്വാസികളെ റോമാക്കാർ അധിക്ഷേപിച്ച് ആക്ഷേപിച്ചു. അവർ ഓർത്തഡോക്സ് വിശ്വാസികൾക്ക് നല്കിയ പേരാണ് യാക്കോബ്യർ അഥവാ യാക്കോബായക്കാർ എന്ന നാമം. ഈ പേര് ഇന്ന് സിറിയായിൽ പോലും ഇല്ല. യാക്കോബ് ബുർദാന അന്ത്യോഖ്യാ സിംഹാസനത്തിനു പകരമായി സംസ്ഥാപിച്ച ഇഗ്നാത്തിയോസ്സ് പാത്രിയർക്കേറ്റാണ് സിറിയൻ ഓർത്തഡോക്സ് പാത്രിയർക്കീസ് എന്നറിയപ്പെടുന്നത്. അല്ലാതെ യാക്കോബായ പാത്രിയർക്കേറ്റല്ല. സിറിയായിലെ ഓർത്തഡോക്സ് പാത്രിയർക്കീസും അനുയായികളും യാക്കോബായ എന്ന പേര് ആക്ഷേപമായിട്ടാണ് കരുതുക. പ. സക്കാ പ്രഥമൻ ബാവായുടെ അരമന ബോർഡു പോലും ഓർത്തഡോക്സ് പാത്രിയർക്കേറ്റ് എന്നാണ്. പുത്തൻകുരിശിലെ പുത്തൻ സഭയുടെയും ഔദ്യോഗിക രേഖകളിലും ഓർത്തഡോക്സ് എന്നു തന്നെയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മാർത്തോമ്മാശ്ലീഹായുടെ ഭാരതസഭയെ ചിന്നഭിന്നമാക്കാൻ വിഘടിത കീഴ്സ്ഥാനിയും, മാധ്യമങ്ങളും, രാഷ്ട്രീയ ഭിക്ഷാംദേഹികളും പ്രസംഗവേദികളിലും, മാധ്യമങ്ങളിലും ആശയക്കുഴപ്പം സൃഷ്ടിക്കാനാണ് യാക്കോബായ സഭ എന്ന് പ്രചരിപ്പിക്കുന്നത്. സിറിയൻ ഓർത്തഡോക്സ് പാത്രിയർക്കീസ് പ. സക്കാ പ്രഥമനാണ് സിറിയൻ ഓർത്തഡോക്സ് സഭയുടെ പ്രധാന മേലദ്ധ്യക്ഷൻ. അദ്ദേഹത്തെ ആകമാന ഓർത്തഡോക്സ് സുറിയാനി സഭയുടെ പ്രധാന മേലദ്ധ്യക്ഷനായും മലങ്കരസഭ അംഗീകരിച്ചാദരിക്കുന്നു. കാരണം ശിഷ്യപ്രമുഖനായ പത്രോസിന്റെ പിൻഗാമിയായിട്ടാണ് യാക്കോബ് ബുർദ്ദാന ഇഗ്നാത്തിയോസ്സ് പാത്രിയർക്കേറ്റ് സ്ഥാപിച്ചത്. അതിലുപരി അന്ത്യോഖ്യൻ പാത്രിയർക്കീസന്മാരിൽ ഓർത്തഡോക്സ് വിശ്വാസവും സക്കാ പ്രഥമനാണ്. മലങ്കര യാക്കോബായ സഭ എന്ന് തെറ്റായി പറയപ്പെടുന്ന ഓർത്തഡോക്സ് സഭയുടെ പ്രധാന മേലദ്ധ്യക്ഷൻ പ. ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ്സ് പ്രഥമൻ ബാവായുമാണ്. പ. പിതാവ് ഉപവിഷ്ടനായിരിക്കുന്നത് വി. തോമ്മാശ്ലീഹായുടെ സിംഹാസനത്തിലുമാണ്. സിറിയൻ ഓർത്തഡോക്സ് സഭയിലെ യൂയാക്കീം മാർ കൂറിലോസ് മലങ്കരസഭ ഭരിക്കുന്ന കാലത്ത് അദ്ദേഹം ഉപവിഷ്ടനായിരുന്നതും മാർത്തോമ്മാശ്ലീഹായുടെ സിംഹാസന അധിപതിയായിട്ടായിരുന്നു. റാക്കാട്ടു പള്ളി ലിഖിതത്തിൽ ഇപ്പോഴും ആ തെളിവ് അവശേഷിക്കുന്നു.

സമൂഹത്തെ തെറ്റിദ്ധരിപ്പിച്ച് അധികാരവും സ്ഥാനമാനങ്ങളും നിലനിർത്താൻ പുത്തൻകുരിശിലെ നവീന കാതോലിക്കാ ഉത്തരവുകളേയും, നിയമങ്ങളേയും കാറ്റിൽപറത്തി ഓർത്തഡോക്സ് സഭയുടെ പള്ളികൾ അനധികൃതമായി കൈയേറി അവ സൊസൈറ്റിയാക്കിയാൽ അതു യാക്കോബായ സഭയാകുമോ? ഈ പള്ളികളെ സ്ഥലകാല ഭേദങ്ങൾക്ക് അനുസരണമായി യാക്കോബായ പള്ളി, സുറിയാനിപ്പള്ളി, സിറിയൻപള്ളി, പാത്രിയർക്കാപ്പള്ളി, സിറിയൻ ഓർത്തഡോക്സ് പള്ളി എന്നെല്ലാം നാമകരണം ചെയ്താലും വിശ്വാസം ഒന്നുതന്നെ. മാർത്തോമ്മായുടെ ഭാരതസഭയിൽ പറങ്കിപ്പടയുടെ അധിനിവേശം ഉണ്ടായപ്പോൾ ഇവിടുത്തെ വിശ്വാസികളെ പുത്തൻകൂറ്റാക്കി; അധിനിവേശക്കാർ പഴയകൂറ്റുകാരും. പുത്തൻകൂറ്റുകാരെ സംരക്ഷിക്കാൻ വന്ന സുറിയാനി ഓർത്തഡോക്സുകാരെ പഴയകൂറ്റുകാർ യാക്കോബായും, പുത്തൻകൂറ്റും സുറിയാനിക്കാരുമാക്കി. അതുകൊണ്ടും തീർന്നില്ല. പുത്തൻകുരിശിലെ കാതോലിക്കായെപ്പോലെ പോപ്പിനു കീഴ്സ്ഥാനിയായി പുതിയ കാതോലിക്കാ കത്തോലിക്കാസഭയിലും ജന്മം എടുത്തു. അങ്ങനെ ഭാരതദേശീയ ക്രൈസ്തവരെ പോപ്പിനും, പാത്രിയർക്കീസിനും അടിയറവയ്ക്കാൻ ഇവിടുത്തെ സ്വരാജ്യസ്നേഹികളും, ദേശീയപ്രേമികളുമായ രാഷ്ട്രീയ പ്രമുഖരും, മാധ്യമ പ്രമാണിമാരും, സംസ്ക്കാരിക നായകന്മാരും കാട്ടുന്ന വൈഭവം സ്വരാജ്യസ്നേഹമാകുന്നത് എങ്ങനെ.

ഒരു കാലത്ത് ഇൻഡ്യ അറിയപ്പെട്ടത് *ബ്രിട്ടീഷ് ഇന്ത്യ* എന്നായിരുന്നു. രാജാവും രാജ്ഞിയും നിയമവും അവരുടേതായിരുന്നു. ഭാഷയും, വേഷവും, സംസ്ക്കാരവും അവരുടേതായി. പക്ഷേ, ഇന്ന് ഇന്ത്യ റിപ്പബ്ലിക്ക് ഓഫ് ഇന്ത്യയായി. ബ്രിട്ടീഷുകാർക്ക് ഇവിടെ അവകാശം ഇല്ല. അവരുടെ ഭാഷയും, ഭരണരീതിയും, സംസ്ക്കാരവും ഇവിടെ നിൽക്കുന്നതുകൊണ്ട് നാം ബ്രിട്ടീഷുകാരുടെ കീഴ്ഘടകവുമല്ല. 1956-ൽ റിപ്പബ്ലിക്ക് ആയ ഇന്ത്യ സ്വതന്ത്രമാണ്. പക്ഷേ, 1912-ൽ വൈദേശികനുകം വലിച്ചെറിഞ്ഞ മലങ്കരസഭ ഇന്നും വൈദേശിക ആധിപത്യത്തിനു വിധേയപ്പെടണം എന്നു പറയുന്ന മലങ്കരമക്കൾ വിശ്വാസത്തേക്കാൾ ഉപരി വൈദേശിക വിധേയത്വം അലങ്കാരമായി കാണുന്നു. ഭാരത നസ്രാണിയെ ക്രിസ്തുവിൽ ജനിപ്പിച്ച ഗുരുവും, പിതാവും മാർത്തോമ്മാശ്ലീഹാ തന്നെ. അദ്ദേഹത്തിന്റെ പാരമ്പര്യം തലമുറകളായി കൈമാറി കാത്തുസംരക്ഷിക്കുന്ന മലങ്കര മക്കളുടെ ആത്മീയ പിതാവ് പ. മാർത്തോമ്മാ ദിദിമോസ്സ് പ്രഥമൻ ബാവാ തന്നെ. മാർത്തോമ്മാ സിംഹാസനം നീണാൾ വാഴട്ടെ.

# വ്യാജ ആത്മീയക്കാർക്കെതിരായ നടപടികൾ ശക്തിപ്പെടുത്തണം

ആത്മീയതയുടെ മറവിൽ ബഹുവിധമായ മ്ലേച്ഛതകൾ പ്രവർത്തിക്കയും കണക്കില്ലാതെ സമ്പത്ത് വാരിക്കൂട്ടുകയും ചെയ്യുന്നവർക്കെതിരായ നടപടികൾ ഒരു സന്തോഷ് മാധവനിലും ഭദ്രാനന്ദയിലും മംഗലത്തച്ചനിലും മലപ്പുറത്തെ അപ്രശസ്തനായ ഒരു തങ്ങളിലും മാത്രമൊതുങ്ങി നിൽക്കുന്നതായാണ് ഇപ്പോൾ കാണുന്നത്. മൂന്നാർ കുടിയൊഴിപ്പിക്കലിലും ക്ലബ്ബുകൾ അനധികൃതമായി കൈവശം വച്ചുകൊണ്ടിരിക്കുന്ന ഭൂമി തിരിച്ചു പിടിക്കുന്നതിലുമെല്ലാം ആരംഭശൂരത്വം പിന്നീടുള്ള നിഷ്ക്രിയത്വത്തിന് വഴിമാറിയതുപോലെ ജനങ്ങളുടെ ഒന്നടങ്കമുള്ള പ്രശംസ പിടിച്ചുപറ്റിയ വ്യാജ ആത്മീയക്കാർക്കെതിരെയുള്ള നടപടികൾ മരവിക്കുന്നത് അതീവ ഖേദകരമാണ്.

സർക്കാർ ഭൂമി കൈവശപ്പെടുത്തിയ ക്ലബ്ബുകളും ആത്മീയക്കാരുമെല്ലാം പലവിധമായ പ്രതിരോധങ്ങളാണ് പടുത്തുയർത്തുന്നത്. ചിലർ കോടതികൾ വഴി, മറ്റു ചിലർ സ്വാധീനശക്തിവഴി, ഇനിയും ചിലർ തങ്ങളുടെ അനുയായിവൃന്ദത്തിന്റെ വോട്ടുബാങ്കു വഴി. നല്ല ഉദ്ദേശ്യങ്ങളോടെ ഗവണ്മെന്റ് നടപ്പാക്കുവാൻ ശ്രമിച്ചതും ജനങ്ങൾ സർവ്വാത്മനാ സ്വീകരിച്ചതുമായ പല നീക്കങ്ങളും പാളിപ്പോകുന്നത് നിശ്ചയദാർഢ്യത്തിന്റെ കുറവോ വോട്ടുപെട്ടിയിലുണ്ടാകുന്ന പ്രത്യാഘാതങ്ങളെക്കുറിച്ചുള്ള ഭയമോ ആയിരിക്കണം. രണ്ടാമത്തേതാണെങ്കിൽ പ്രത്യയശാസ്ത്രത്തെയും തത്വദീക്ഷയേയുംപറ്റിയുള്ള അവകാശവാദങ്ങൾ മുൻകാല പ്രാബല്യത്തോടെ പിൻവലിക്കണം.

പിടികൂടപ്പെട്ട ചുരുക്കം ചില വ്യാജന്മാർ ചെറുമീനുകളാണെന്നതു പൊതുവെ മനസ്സിലാക്കപ്പെട്ടിട്ടുള്ള സത്യമാണ്. വമ്പൻ സ്രാവുകൾ ഇന്നും സ്വൈരവിഹാരം നടത്തുന്നു. ചിലരെല്ലാം നടത്തുന്ന തട്ടിപ്പുകൾ നാട്ടിൽ പാട്ടാണെങ്കിലും അവർക്കെതിരെ നടപടി എടുക്കാവുന്ന കുറ്റാരോപണങ്ങൾ ഒന്നുമില്ല. തട്ടിപ്പിനിരയായവർ പലരുമുണ്ടെങ്കിലും നിയമത്തിനു മുന്നിൽ വരുവാൻ അവർ മടിക്കുന്നു. ധനം, ആൾബലം, സ്വാധീനശക്തി എന്നിവയുള്ള വ്യാജ ദിവ്യന്മാർക്കെതിരെ ആരെങ്കിലും വന്നാൽ അവരെ തകർക്കുവാനുള്ള ശക്തി വ്യാജന്മാർ ആർജ്ജിച്ചിരിക്കുന്നു.

മാറിമാറി വരുന്ന ഗവണ്മെന്റുകൾക്കൊന്നും വമ്പൻ സ്രാവുകളായ വ്യാജന്മാരെ നേരിടുവാനുള്ള തന്റേടമുണ്ടാവില്ല. ജനങ്ങളുടെ ഇടയിൽ അവബോധം സൃഷ്ടിക്കുക എന്നതു മാത്രമാണ് പരിഹാര മാർഗ്ഗം. നിസ്സംഗരായിരിക്കുന്ന ജനം പ്രതികരിച്ചില്ലെങ്കിൽ ഇതെല്ലാം ഇങ്ങനെ തന്നെ മുന്നോട്ടുപോകും. "ആരുമില്ലേ ഇവിടെ ഇതിനെയൊക്കെ എതിർക്കുവാൻ" എന്നു വീട്ടിലെ ചാരുകസേരയിൽ ഫാനിനു കീഴെയിരുന്ന് ആത്മഗതം ചെയ്താൽ മാറുന്നതല്ല ഈ സമൂഹത്തെ ബാധിച്ചിരിക്കുന്ന രോഗം.

## മലങ്കര വർഗ്ഗീസ് കേസ്സ് അന്വേഷണം

കോട്ടയം: മലങ്കര വർഗ്ഗീസ് കേസ്സ് സി. ബി. ഐ. യ്ക്ക് വിട്ടിട്ട് നാളിതുവരെയായിട്ടും അന്വേഷണ പുരോഗതി അറിയുന്നില്ല. സഭാനേതൃത്വം വേണ്ടവണ്ണം ശ്രദ്ധിക്കാതിരുന്നാൽ അഭയാ കേസ്സു പോലെ അനിശ്ചിതത്വത്തിലാകും. അച്ചന്മാരും അമ്മമാരും ഇടപെട്ട കേസ്സിന്റെ ഗതി ഇതെങ്കിൽ മെത്രാന്മാർ ഇടപെട്ട കേസ്സിന്റെ ഗതി അധോഗതിയാകും എന്ന് ഓർത്തഡോക്സ് അത്മായവേദി വിലയിരുത്തി.

# വ്യാജരേഖകൾ സൃഷ്ടിക്കുന്നവർക്ക് എതിരെ നടപടി എടുക്കണം: അൽമായവേദി

കോട്ടയം: മലങ്കരസഭയുടേതെന്ന് അവകാശപ്പെട്ടുകൊണ്ടു വന്ന ചില വാർത്താകുറിപ്പുകൾ വ്യാജ സൃഷ്ടികളാണെന്ന് അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി പുതുപ്പള്ളി മേഖലാ സമ്മേളനം ആരോപിച്ചു. മാർ മിലിത്തോസ് മെത്രാപ്പോലീത്താ പാഠപ്പുസ്തക വിവാദത്തെപ്പറ്റി നടത്തിയ അഭിപ്രായം സഭയുടെ അഭിപ്രായമല്ല എന്ന നിലയിൽ ചില പത്രങ്ങൾ പ്രസിദ്ധപ്പെടുത്തിയ മീഡിയ സെല്ലിന്റേതെന്നു പറയപ്പെടുന്ന പ്രസ്താവന വ്യാജനിർമ്മിതമാണ്. മീഡിയ സെൽ ആറു മാസം മുമ്പേ പിരിച്ചു വിടപ്പെട്ടതാണ്.

എന്നാൽ പ്രസ്തുത വ്യാജരേഖ പ. കാതോലിക്കാബാവാ ആവശ്യപ്പെട്ടപ്രകാരമാണ് പുറപ്പെടുവിച്ചതെന്ന വാർത്ത മനോരമ പ്രസിദ്ധപ്പെടുത്തിയതും മറ്റൊരു വ്യാജരേഖയാണ്. ആറു മാസം മുമ്പേ പിരിച്ചുവിട്ട മീഡിയ സെല്ലിനോട് പ. ബാവാ തിരുമേനി അപ്രകാരം ആവശ്യപ്പെടുക അസംഭവ്യമാണ്. പ. ബാവാ തിരുമേനി അപ്രകാരം ആവശ്യപ്പെടുന്നെങ്കിൽ അത് സഭയുടെ വക്താവായ കോനാട്ട് ജോൺസ് ഏബ്രഹാം കത്തനാരോടോ അസ്സോസിയേഷൻ സെക്രട്ടറിയോടോ പ. ബാവായുടെ തന്നെ സെക്രട്ടറിയോടോ ആണെന്നിരിക്കെ മേൽപ്പറഞ്ഞ രണ്ടു വാർത്തകളും വ്യാജരേഖകളാണെന്ന് തെളിഞ്ഞിരിക്കുന്നു. ഈ വ്യാജരേഖകൾക്കു പിന്നിലെ വ്യക്തികളെ പുറത്തുകൊണ്ടുവരുവാൻ സഭാനേതൃത്വവും പോലീസും മുന്നോട്ടു വരണമെന്ന് യോഗം അഭ്യർത്ഥിച്ചു.

യോഗത്തിൽ ജോൺസൺ പെരുഞ്ചേരി, പോത്തൻ വന്നല, കെ. വി. ഏബ്രഹാം കൊടുവത്ത്, ഫീലിപ്പോസ് പോട്ടയ്ക്കാവയലിൽ എന്നിവർ പ്രസംഗിച്ചു.

# 60 വയസ്സു വരെ പരിഗണിക്കണം

### ജെ. ആലപ്പുഴ

ഭരണപരമായ കഴിവും, ക്ഷമയും, പക്വതയും ആയി വരുമ്പോൾ ഏകദേശം 45 വയസിനു മുകളിലാകും. ആയതിനാൽ 45-നും 60 വയസിനും ഇടയിൽ കഴിവുള്ള വൈദികരെ മേൽപട്ട സ്ഥാനത്തിനു പരിഗണിക്കേണ്ടതായിരുന്നു. അടുത്ത പ്രാവശ്യം എങ്കിലും 60 വയസു വരെ ഉള്ളവരെ പരിഗണിക്കണം. സഭയിലെ ഭൂരിപക്ഷം അൽമായരുടെയും അഭിപ്രായം 60 വയസ്സു വരെ ആക്കണം എന്നുള്ളതാണ്. ഉന്നത അധികാര സമിതി ഈ വിഷയം ശ്രദ്ധിക്കണം.

# അച്ചനും കൊച്ചനും

*(അഞ്ചാം പേജിൽ നിന്നും)*

കൊച്ചൻ: അവരെ ഇപ്പോഴും നയിക്കുക അവരിലെ രാഷ്ട്രീയ, വ്യവസായ, മാധ്യമ പ്രമാണിമാരും, അവരുടെ ബിനാമികളുമാണ്. സഭ കൊണ്ട് പ്രമാണികൾ ജീവിക്കുന്നു. സാധാരണ വിശ്വാസി തങ്കുവിലേയ്ക്ക് ശ്രദ്ധ വയ്ക്കുന്നു.

അച്ചൻ: എടാ. ഫോൺ വന്നു. ദേവലോകത്തു നിന്നാ. അവരുടെ ഇന്നത്തെ തീരുമാനങ്ങളാ. ഇതിന്റെ പ്രതികരണം എഴുതി ഇന്നു തന്നെ പത്രത്തിൽ കൊടുത്താൽ പ്രമുഖ പത്രങ്ങൾ നമ്മുടെ പ്രതികരണം പ്രധാന പേജിലും അവരുടെ വാർത്ത പ്രാദേശിക കോളത്തിലും ആക്കിക്കൊള്ളും.

കൊച്ചൻ: അച്ചാ ഞാൻ പോകുവാ. അപ്പ് അപ്പ് സിറിയാ. ഡവുൺ ഡവുൺ മലങ്കര.

# തമ്മിൽ ഭേദം ജൂബാധാരികൾ

## ജോണി മുളന്തുരുത്തി

പ. മാത്യൂസ് ദ്വിതീയൻ ബാവായുടെ വാർദ്ധക്യം ജൂബാധാരികളായ പ്രമുഖർ കൈകാര്യം ചെയ്തു. ഇപ്പോൾ പ. ദിദിമോസ്സ് ബാവായുടെ വാർദ്ധക്യത്തെ ഒരുപറ്റം ചുമന്നതും, കറുത്തതും, വെള്ളയും നിറമുള്ള കുപ്പായക്കാർ കൈകാര്യം ചെയ്യുന്ന എന്ന് കിംവദന്തികൾ. "ജൂബാധാരികൾ പുറത്തേയ്ക്ക് കുപ്പായക്കാർ അകത്തേയ്ക്ക്" എന്ന തലക്കെട്ടൽ അൽമായവേദി വാർത്ത വിവാദമായത് ഇത്തരുണത്തിൽ ഓർമ്മയിൽ വരുന്നു. യാഥാർത്ഥ്യങ്ങളെ യഥാവിധി മുഖപക്ഷവും ലാഭേഛയും ഇല്ലാതെ തുറന്നു കാട്ടുന്ന അൽമായവേദിയ്ക്ക് വീണ്ടും അഭിനന്ദനങ്ങൾ.

എല്ലാ വർഷവും തൃക്കുന്നത്തു സെമിനാരി പ്രശ്നം വാർത്തയാക്കുന്നതും, തൃശ്ശൂർ മെത്രാനെ ഓടിച്ചിട്ട് എറിയുന്നതും, ബോബി അച്ചനെ തൃക്കുന്നത്തു നിന്ന് നീക്കിയതും, തിരുവനന്തപുരത്തു നമ്മളെ കൊണ്ടുപോയി തല്ലുകൊള്ളിച്ചതും, വിദേശ മെത്രാൻ വാഴ്ച സംബന്ധിച്ച സുന്നഹദോസ് തീരുമാനം അട്ടിമറിച്ചതും, വാഴ്ച ബാവയെക്കൊണ്ട് നടത്തിക്കാതിരുന്നതും, വ്യാജവാർത്തകൾ മനോരമയ്ക്കു നല്കുന്നതും, പ. ബാവാ തിരുമേനിയെ സന്ദർശനാനുമതിയില്ലാതെ പരുമല താമസിപ്പിച്ചതും ഇപ്പോൾ നിഷ്ക്രിയനാക്കിയിരിക്കുന്നതും, ഈ പുതിയ ലോബിയുടെ പുതിയനിയമമാണ്. കഴിഞ്ഞ മാനേജിംഗ് കമ്മറ്റിയിൽ തങ്ങളുടെ ശിങ്കിടികളും നോമിനികളുമായ പ്രൊഫസർമാരേയും, രാഷ്ട്രീയക്കാരേയും, വ്യവസായികളേയും ഉപയോഗിച്ച് രാഷ്ട്രീയ കളരിയും, തെരുവുനാടകവും നടത്തി തിരുവനന്തപുരം മെത്രാനെ തേജോവധം ചെയ്തു. തിരഞ്ഞെടുപ്പിന് ഭരണഘടനയിലില്ലാത്ത വകുപ്പ് സൃഷ്ടിച്ചു. പണ്ട് സഭാപ്രശ്നങ്ങൾ കുഴച്ചുമറിച്ച് ലാഭം ഉണ്ടാക്കിയത് ജൂബാധാരികളും ഇന്ന് കുറെ കുപ്പായക്കാരും. കഷ്ടം തന്നെ.

# ഒരു തുറന്ന കത്ത്

## കെ. റ്റി. ചാക്കോ പന്തളം

മൂത്തു നരച്ചവരെ മെത്രാന്മാരാക്കരുത്. ചുറുചുറുക്കും, കാര്യപ്രാപ്തിയും, സഭാസ്നേഹവും, പ്രാത്ഥനാജീവിതവും, അതിലുപരി മാർത്തോമ്മാ പൈതൃകവും ഉള്ളവരെയാണ് സഭയ്ക്കിന്നാവശ്യം. സ്വന്തം പേരിൽ പ്രസ്ഥാനങ്ങളും, സ്ഥാപനങ്ങളും റിയൽ എസ്റ്റേറ്റ് ബിസിനസ്സും നടത്തുന്നവരെക്കൊണ്ട് സഭയ്ക്ക് എന്തു പ്രയോജനം. സെമിനാരി വിദ്യാഭ്യാസം അവശ്യം തന്നെ. പക്ഷേ, അതു മാനദണ്ഡമാക്കേണ്ടതില്ല. കാരണം മക്കാറിയോസ്സ് തിരുമേനി സെമിനാരിയിൽ പഠിച്ചു, പഠിപ്പിച്ചു, സമർത്ഥനായിരുന്നു. കോടികൾ നേടി, ഒത്തിരി പ്രവർത്തിച്ചു. പക്ഷേ, ഇപ്പോൾ കേൾക്കുന്നു അദ്ദേഹത്തിന്റെ വിൽപ്പത്രപ്രകാരം സമ്പാദ്യങ്ങൾ സഭയ്ക്കില്ല എന്ന്. ശരിയോ തെറ്റോ? എന്തായാലും ഭൗതികദേഹം ദേവലോകത്തു കിട്ടി. ഇനിയെങ്കിലും സഭയുടെ മെത്രാന്മാർ സമ്പാദിക്കുന്നതും, പ്രാർത്ഥിക്കുന്നതും, പ്രവർത്തിക്കുന്നതും സഭാ മക്കൾക്കായിട്ടായിരിക്കണം. അവരുടെ സമ്പത്തിനും ശരീരത്തിന്റെയും അവകാശം സഭയ്ക്കുമായിരിക്കണം.

മാനേജിംഗ് കമ്മറ്റിയിൽ ഇടതു-വലതു രാഷ്ട്രീയക്കളി ആവശ്യമില്ല. നമുക്ക് സഭയായിരിക്കണം മുഖ്യം. വലതു മെത്രാന്മാരും, ഇടതു മെത്രാന്മാരും കുഞ്ഞൂഞ്ഞിനേയും, അച്ചുമാമനെയും പ്രീണിപ്പിക്കട്ടെ. പക്ഷേ, നമ്മൾ ചേരിതിരിഞ്ഞ് സഭയെ നാണം കെടുത്തരുത്. ഉമ്മൻ ചാണ്ടിക്കും അച്ചുതാനന്ദനും വോട്ടും സ്ഥാനവും വേണം. അതിനവർ നമ്മളെ തമ്മിത്തല്ലിക്കും. തോമസ് പ്രഥമനെ തെരുവിലിറക്കി നമ്മളെ ഉപദ്രവിപ്പിക്കും. ഇതൊക്കെ നമ്മൾ കണ്ടതും കേട്ടതുമല്ലേ? ഇപ്പോൾ പിന്നെ കത്തോലിക്കർ പാഠപുസ്തക പ്രശ്നം എടുത്തിട്ടതിനാൽ തെരുവുയുദ്ധം അതായി. അതുതീർന്നാൽ പിന്നെ സഭാപ്രശ്നത്തിലേയ്ക്ക് തിരിച്ചുവരും. കുഞ്ഞൂഞ്ഞാണെങ്കിലും, അച്യുതാനന്ദനായാലും തോമസ്സ് പ്രഥമൻ അവരെ കൈയിലെടുക്കും. അദ്ദേഹത്തോട് മറുതലിക്കാനും ഏറ്റുമുട്ടാനും അവരുടെ മെത്രാന്മാർ ധൈര്യപ്പെടുകയും ഇല്ല. നമ്മുടെ മെത്രാന്മാർ എല്ലാവരും സൂപ്പർ കാതോലിക്കാമാരല്ലേ? കുഞ്ഞൂഞ്ഞും പുതുശ്ശേരിയും നമ്മുടെ മക്കളാ. പക്ഷേ, സഭാപ്രശ്നത്തിൽ അവർ ഒന്നും പറയില്ല. തങ്കച്ചനും, കുരുവിളയും, ജേക്കബും, ബന്നി ബഹനാനും രാഷ്ട്രീയത്തേക്കാൾ ഉപരി കൂറ് അവരുടെ സഭയോടും ശ്രേഷ്ഠ ബാവായോടുമാണ്. നമ്മുടെ ചില മെത്രാന്മാരുടെയും, കോട്ടയംകാരൻ റമ്പാന്റെയും, രാഷ്ട്രീയക്കളിയും, മനോരമയുടെ മലക്കംമറിച്ചിലും സഭയ്ക്ക് ദോഷമാണ്. കോളജ് പ്രൊഫസറാകാനും, പ്രിൻസിപ്പലാകാനും, ഇഷ്ടമുള്ള സ്ഥലത്തേക്ക് സ്ഥലംമാറ്റം കിട്ടാനും, കച്ചോടം കൊഴുപ്പിക്കാനും, പത്രക്കടലാസിന്റെ കോപ്പി വർദ്ധിപ്പിക്കാനും, രാഷ്ട്രീയക്കാരെ പോഷിപ്പിക്കാനും മാനേജിംഗ് കമ്മറ്റി അംഗങ്ങളാകരുത്. ചില പള്ളികളിൽ തുബ്ദേനിൽ പ. ബാവാതിരുമേനിയെ മറ്റു മെത്രാന്മാരെപ്പോലെ വെറും ആബൂനാക്കിയിട്ടുണ്ട്. മെത്രാന്മാർ ബാവായുടെ കൈമുത്തി ആദരവും അനുസരണവും മുകൾതൊട്ട് കാട്ടണം. കാലം ചെയ്യുന്ന മെത്രാന്മാരെ പ. ബാവാമാർക്കൊപ്പം ദേവലോകത്തും വള്ളിക്കാട്ടും കബറടക്കുന്ന പ്രവണത തെറ്റാണ്. നിങ്ങൾ ശ്രദ്ധിക്കുമല്ലോ.

# സ്ക്രീനിംഗ് കമ്മറ്റി തീരുമാനം ഭരണഘടനാവിരുദ്ധം

## റിജോ തിരുവല്ല

മലങ്കരസഭയുടെ പാവനമായ സഭാ ഭരണഘടനയ്ക്ക് വിരുദ്ധവും നസ്രാണി പാരമ്പര്യത്തെയും പൈതൃകത്തെയും വെല്ലുവിളിച്ച് ചില അധികാരമോഹികളായ മെത്രാന്മാരും പിണിയാളന്മാരും സ്വന്തക്കാരെ മെത്രാന്മാരാക്കാൻ രൂപീകരിച്ച കമ്മറ്റിയാണ് ഇപ്പോഴത്തെ സ്ക്രീനിംഗ് കമ്മറ്റി. മെത്രാന്മാരെ തിരഞ്ഞെടുക്കാൻ ഉള്ള അവകാശം മലങ്കര അസോസ്യേഷനിൽ നിലനില്ക്കുമ്പോൾ നാലായിരത്തോളം വരുന്ന മലങ്കര അസോസ്യേഷൻ അംഗങ്ങളെയും വിശ്വാസികളെയും ഏതാനും ചില കുപ്പായക്കാർ പടു വിഡ്ഢികളാക്കുന്നു. ഇതോടെ മലങ്കരസഭയുടെ ജനാധിപത്യസ്വഭാവം അട്ടിമറിക്കപ്പെടുന്നു. അസോസ്യേഷനാൽ തിരഞ്ഞെടുക്കപ്പെട്ട മാനേജിംഗ് കമ്മറ്റി അംഗങ്ങളിൽ നസ്രാണി രക്തം സിരകളിൽ കൂടി ഒഴുകുന്നവർ ഉണ്ടെങ്കിൽ ഈ ജനാധിപത്യ ധ്വംസനത്തെ എതിർക്കണം എന്ന് അപേക്ഷിക്കുന്നു.

മലങ്കരസഭയിൽ പ്രായം കുറഞ്ഞവരെ മെത്രാന്മാർ ആക്കണം. വടക്കൻ പ്രദേശത്തുള്ളവർക്ക് പ്രാധിനിത്യം നൽകണം എന്ന് ഉറക്കെ പ്രഖ്യാപിച്ചതും അൽമായവേദി തന്നെ. മെത്രാൻ തിരഞ്ഞെടുപ്പിലെ സ്ക്രീനിംഗ് കമ്മറ്റി എപ്പിസ്ക്കോപ്പൽ സർവ്വാധിപത്യത്തിലേക്കുള്ള ചുവടുവെയ്പ്പ് ആണെന്ന് മുൻകൂട്ടി പ്രവചിച്ചതും അൽമായവേദി തന്നെ. പ. ബാവാതിരുമേനിയുടെ വൃദ്ധതയെ ചില വൈദികസ്ഥാനികൾ ചൂഷണം ചെയ്യുന്നു എന്ന വാർത്തയും ഇന്നത്തെ ചില കമ്മറ്റികളുടെ വികൃതികളും വാർത്തകളും ശരി വയ്ക്കുന്നു. പ്രായത്തിൽ കൂടിയവരെ മെത്രാന്മാരാക്കി തനിയെ നടക്കാൻ ആവാത്ത മെത്രാന്മാരുടെ സഭയാക്കി തീർക്കുന്നതിനോട് സഭാ സ്നേഹികളായ വിശ്വാസികൾക്ക് താല്പര്യം ഇല്ല. ഈ യാഥാർത്ഥ്യം പരിശുദ്ധ സുന്നഹദോസും മാനേജിംഗ് കമ്മറ്റിയും മനസ്സിലാക്കും എന്നു പ്രതീക്ഷിക്കട്ടെ.

എന്നാൽ വൈദിക സെമിനാരിയിൽ പഠിച്ചില്ല എന്നത് അയോഗ്യതയാക്കി കരുതുന്നത് ശരി അല്ല. സെമിനാരിയിൽ പഠിച്ചവരും പഠിപ്പിക്കുന്നവരും പഠിപ്പിച്ചവരും ആയ പലരുടേയും വികൃതികളല്ലെ സഭാപ്രശ്നം. മെത്രാസന തിരഞ്ഞെടുപ്പും കേസു നടത്തിപ്പും വികലപ്പെടുത്തുന്നതും സഭാകാര്യങ്ങൾ അവിയലു പരുവത്തിലാക്കി നേട്ടങ്ങൾക്കു ശ്രമിക്കുന്നതും സാധാരണ വിശ്വാസി അല്ലല്ലോ? അതുകൊണ്ടു തന്നെ സെമിനാരിപഠനം മെത്രാൻപട്ടത്തിന്റെ മാനദണ്ഡം ആക്കേണ്ടതില്ല. കാര്യപ്രാപ്തിയും, സഭാസ്നേഹവും, സേവന താല്പര്യവും സാധാരണ അത്മായരുടെ ആത്മീകതയും വൈകാരികതയും തിരിച്ചറിയുന്നവരായിരിക്കണം. പുതിയ മെത്രാന്മാർ രാഷ്ട്രീയ മാധ്യമ വ്യവസായ ലോബികളുടെ അടിമകൾ ആവരുത്. വലിയ ആടുകളെയും വിദേശ ആടുകളെയും പേർ ചൊല്ലി വിളിക്കുന്നതുപോലെ കൊച്ച് ആടുകളെയും നാടൻ ആടുകളെയും പേര് എടുത്തു വിളിച്ച് തൊഴുത്തിൽ കയറ്റുവാൻ പ്രാപ്തിയുള്ള ഇടയശ്രേഷ്ഠർ ഉണ്ടാവാൻ പ്രാർത്ഥിക്കുന്നു.

# അച്ചനും കൊച്ചനും

## മാത്തുക്കുട്ടിച്ചായൻ

കൊച്ചൻ: അച്ചോ, കഴിഞ്ഞ മാസം നമ്മുടെ ബാവാ പല പ്രമുഖ പെരുനാൾ പരിപാടികളും ഉപേക്ഷിച്ചല്ലോ?

അച്ചൻ: ഓ, അതോ! പെരുനാൾ പിന്നെയും വരും. മന്ത്രി കൊടിയേരിയുടെ മകന്റെ വിവാഹം ആശീർവദിക്കാനും സഖാവ് പിണറായിയുടെ മകളുടെ വിവാഹത്തിനും പോയതു മൂലമാണ് പെരുനാൾ ഉപേക്ഷിച്ചത്. വാർത്തയിലും, രാഷ്ട്രീയത്തിലും നിറഞ്ഞു നിന്ന് സഭയുടെ മാനം കാക്കണം. നിലനില്പ്പിന് രാഷ്ട്രീയ സ്വാധീനവും വേണം.

കൊച്ചൻ: കത്തോലിക്കരുടെ ആധുനിക ബാവായും നമ്മുടെ ബാവായും സാമൂഹ്യ പ്രതിബദ്ധതയുള്ളവരും വിശ്വാസികളുടെയും രാഷ്ട്രീയക്കാരുടെയും ഹിതാനുവർത്തികളാകാൻ കഴിവുള്ള ഇടയശ്രേഷ്ടരാ അല്ലേ അച്ചാ.

അച്ചൻ: ആണോന്ന്. ഓർത്തഡോക്സുകാരുടെ കാതോലിക്കാ 1912-ലെ പഴഞ്ചൻ കാതോലിക്കായാ. കൂടാതെ പടു വൃദ്ധനും. തിയോളജിയും പി.എച്ച്.ഡി. യും, ഡോക്ടറേറ്റും ഉള്ളവരാ അവരുടെ മെത്രാന്മാര്. അതിലുപരി 52-ൽ തോമ്മാശ്ലീഹാ സ്ഥാപിച്ച സഭയും, സിംഹാസനത്തിന്റെയും പിൻതുടർച്ചക്കാരുമാ. എന്നാൽ നമ്മുടെ ബാവായും കാതോലിക്കേറ്റും 2002-ലെ ഏറ്റവും പുതിയ മോഡലാ. റീത്തു ബാവാ അതിലും മോഡേണാ.

കൊച്ചൻ: ഇവരുടെയൊക്കെ രാഷ്ട്രീയബന്ധം സന്തോഷ് മാധവൻ സ്വാമിയുടെയും, ഹിമവൽ സ്വാമിയുടെയും ഒക്കെ രാഷ്ട്രീയ ബന്ധം പോലാകാതിരുന്നാൽ ക്രിസ്ത്യാനിക്കു നല്ലതാ.

അച്ചൻ: അതു വെളിപ്പെടുത്താൻ എൽ. ഡി. എഫിനും, യു. ഡി. എഫിനും കഴിയില്ല. കാരണം അവരിലാരു ഭരിച്ചാലും തക്കസമയത്ത് അവരെ വേണ്ടപോലെ ഉപകരിക്കാൻ നമുക്ക് കഴിവുണ്ട്. നാമും വോട്ട് ബാങ്കല്ലേ. പി. എച്ച്. ഡി. യും ഡോക്ടറേറ്റുമുള്ളവർക്ക് മാനാഭിമാനം നോക്കണം.

കൊച്ചൻ: ശരിയാ. യു. ഡി. എഫ്. ഭരിച്ചപ്പോൾ കോടതി ഉത്തരവ് നടത്താതിരുന്നത് നമ്മുടെ കഴിവാ. തന്നെയുമല്ല യു. ഡി. എഫിന് എതിരായി ഓർത്തഡോക്സുകാർ തിരുവനന്തപുരത്ത് പോയി പ്രകടിച്ചു. എൽ. ഡി. എഫ്. വന്നപ്പോൾ നമ്മുടെ ബാവാ മണ്ണാറപ്രാ അച്ചനേയും എം. ഓ. അച്ചനേയും കൂട്ടുപിടിച്ച് തിരുവനന്തപുരത്ത് കൊണ്ടുപോയി അടി വച്ചു. ഏത് അച്ചൻ വന്നാലും......

അച്ചൻ: വൈദേശികവും ദേശീയതയും ഭാരത സംസ്കാരവും ഇനി ഓർത്തഡോക്സുകാർ പറയില്ല. കാരണം, ദേശീയതയും ഭാരതീയവും പറഞ്ഞാൽ ബി. ജെ. പി സ്വഭാവമാകും. അത് എൽ. ഡി. എഫിനും യു. ഡി. എഫിനും താല്പര്യമില്ല.

കൊച്ചൻ: അതൊക്കെ പോകട്ട്. തങ്കു പാസ്റ്റർ ശാപവിമുക്തിയും അത്ഭുതസിദ്ധിയും കാട്ടി പത്തു കൊല്ലം കൊണ്ട് വളർന്നു പന്തലിച്ചുവെന്ന് പത്രവാർത്ത.

അച്ചൻ: തങ്കുവിന് അഭ്യാസങ്ങളും വിദ്യകളും അറിയാം. നമ്മുടെ പെരുമ്പള്ളിലച്ചൻ അത്ഭുതവും ശാപവിമുക്തിയും നടത്തിയല്ലേ നമുക്ക് ഒരു സഭയാകാൻ അടിത്തറയിട്ടത്. അന്ന് ഈ തങ്കുവും അവിടെവന്ന് ഈ വിദ്യ പഠിച്ചതാ.

കൊച്ചൻ: ചുമ്മാതല്ല തങ്കു പാസ്റ്റർ വെച്ചടി വെച്ചടി വളർന്നത്. ആത്മീയ ശക്തിയെ നാഗമ്പടത്തു വളർത്തി. നമ്മുടെ സെന്റ് ജോസഫിൽ ഇതിനു ബദലായി ചില വൈദികർ ശാപമുക്തിയും അത്ഭുതവും കാട്ടിയല്ലോ?

അച്ചൻ: സ്വർഗ്ഗീയ വിരുന്നിലേക്കുള്ള ഒഴുക്ക് നിർത്താനായി തുടങ്ങി എന്നേയുള്ളു. എന്നാൽ ഈയിടെയായി ഓർത്തഡോക്സിലെ സീനിയർ പ്രസംഗകരായ വൈദികർ സെന്റ് ജോസഫിലെ സന്ദർശകരായിട്ടുണ്ട്.

കൊച്ചൻ: അതു അവരുടെ കൃപാവരം കുറഞ്ഞതുമൂലം നമ്മുടെ ശക്തിയുടെ ഉറവിടം മനസ്സിലാക്കാൻ വരുന്നതാകാം.

കൊച്ചൻ: തങ്കു പാസ്റ്റർ പത്തു കൊല്ലം കൊണ്ടു വളർന്നത് വാർത്തയായി. എന്നാൽ നമ്മുടെ ബാവാ 2002-ൽ സഭ സ്ഥാപിച്ചു ഭരണഘടന മെനഞ്ഞു. ഈ പുത്തൻകുരിശു സഭ വളർന്ന്, എ. ഡി. 52-ൽ തോമ്മാശ്ലീഹാ സ്ഥാപിച്ച സഭയുടെ മുകളിലായി. ഇതിവിടുത്തെ മാധ്യമങ്ങളും യുക്തിവാദികളും, ഡി. വൈ. എഫ്. ഐ. ക്കാരും ബി. ജെ. പി. ക്കാരും കാണുന്നില്ല.

അച്ചൻ: അതു വ്യക്തമാക്കാൻ പത്രമുത്തശ്ശി പോലും തയ്യാറാവില്ല. കാരണം സുപ്രീംകോടതി ഉത്തരവ് എവിടെ? നമ്മുടെ ശക്തി അതിനും മുകളിലാ. നമ്മുടെ ബാവാ നാനൂറിലധികം കേസ്സിലെ പ്രതിയാണെന്ന് സ്വയം പ്രഖ്യാപിച്ചു. എന്തു സംഭവിച്ചു. ഇതാണ് വിശ്വാസം.

കൊച്ചൻ: പുതിയ സഭകളും സന്യാസിമാരും വളരുന്നതും ജനശ്രദ്ധാകേന്ദ്രങ്ങളാകുന്നതും ഇങ്ങനെയാ. അല്ലാതെ ഓർത്തഡോക്സുകാരെപ്പോലെ തിയോളജിയും പി.എച്ച്.ഡി. യും ഡോക്ടറേറ്റും എടുത്തു മെത്രാന്മാരായിട്ടു കാര്യമില്ല. നമ്മുടെ ബാവായ്ക്ക് വിദ്യാഭ്യാസം ഉണ്ടായിരുന്നു എങ്കിൽ ഓർത്തഡോക്സു സഭയ്ക്കെതിരെ പൊരുതാൻ മെത്രാനാകുമായിരുന്നോ.

അച്ചൻ: എടാ മർമാണിക്ക് ആരേയും തല്ലാനാവില്ല. എല്ലായിടവും മർമ്മമാ. അതുപോലെയാ പി.എച്ച്. ഡി. യും ഡോക്ടറേറ്റുമുള്ള മെത്രാന്മാരുടെ ഗതിയും.

കൊച്ചൻ: ശരിയാ. വിദ്യാധനം സർവ്വധനാൽ പ്രധാനം എന്നാണല്ലോ ചൊല്ല്. യഹോവ ഭക്തിജ്ഞാനത്തിന്റെ ആരംഭം എന്നാണല്ലോ ബൈബിൾ വാക്യം. അപ്പോൾ ജ്ഞാനമുള്ളവർക്കല്ലേ പി. എച്ച്. ഡി. യും. ഡോക്ടറേറ്റും കിട്ടുക.

അച്ചൻ: തങ്കുവും, സന്തോഷും ഒക്കെ വളർന്നത് പി.എച്ച്.ഡി. യിലൂടെ അല്ല. രാഷ്ട്രീയ മാദ്ധ്യമ സംസ്ക്കാരിക ബന്ധത്തിലൂടെയാ. അതുപോലെയാ നാമും വളരുന്നത്. ഇതു പുതു യുഗമാ.

കൊച്ചൻ: ശരിയാ. നമ്മുടെ തൃക്കുന്നത്തു സെമിനാരി സപ്ലിമെന്റിൽ എഴുതി. നമ്മുടെ നാലാം ക്ലാസുകാരനായ ബാവായുടെ ചെരുപ്പിന്റെ വാറഴിക്കാൻ ഓർത്തഡോക്സിലെ പി.എച്ച്.ഡി. യും ഡോക്ടറേറ്റും ഉള്ള മെത്രാന്മാർക്കാവില്ലെന്നും പണിക്കരച്ചന്റെ പണി നമ്മോടു വേണ്ടെന്നും.

അച്ചൻ: വ്യാജ സ്വാമിമാർ വളരുന്നതുപോലെ നമ്മുടെ പിതാക്കന്മാരുടെ വളർച്ചയിലും, തങ്കു പാസ്റ്ററിന്റെ സഭയേക്കാൾ ശക്തമായി നമ്മുടെ 2002-ലെ സഭയും കാതോലിക്കേറ്റും വളരുന്നതിലും മറ്റ് സഹോദരീ സഭകൾക്കും, രാഷ്ട്രീയ മാദ്ധ്യമങ്ങൾക്കും, സംസ്ക്കാരിക നായകന്മാർക്കും ഗവൺമെന്റുകൾക്കും താല്പര്യമാ. എന്നാൽ പഴഞ്ചന്മാരായ ചില ഓർത്തഡോക്സുകാർക്കു മാത്രം നമ്മോടു ശത്രുതയും.

കൊച്ചൻ: അതു ശരിയല്ല. പണ്ട് മെത്രാൻ കക്ഷിയെ നിലനിർത്തിയ മനോരമ ഇന്ന് നമ്മളെ സഹായിക്കുന്നില്ലേ? വ്യക്തിപരമായി വളരണം എന്നാഗ്രഹിക്കുന്ന ഓർത്തഡോക്സിലെ രാഷ്ട്രീയ പ്രമുഖർ നമുക്ക് കൈത്താങ്ങല്ലേ. പല പ്രമുഖ മെത്രാന്മാരും, റമ്പന്മാരും വൈദികരും, രാഷ്ട്രിയ മാദ്ധ്യമ ശ്രദ്ധക്കും വളർച്ചക്കും നമുക്ക് അനുകൂല നിലപാടിലല്ലേ?

അച്ചൻ: പണ്ട് ഭൂഷണ പത്രം നമുക്ക് വേണ്ടി എഴുതിയതെല്ലാം ദൂഷണമാണെന്ന് പറഞ്ഞ മനോരമ ഇന്ന് ദൂഷണം ഭൂഷണമായിരുന്നു എന്ന് ഭാഗികമായിട്ടാണെങ്കിലും സമ്മതിക്കുന്നില്ലേ.

കൊച്ചൻ: തോപ്പുംപടി സ്ത്രീപീഡനകേസ്സിൽ നിന്ന് നമ്മുടെ മണർകാട് പള്ളിയിലെ അച്ചനെ മുൻ ഗവൺമെന്റ് ഒഴിവാക്കിയതായിരുന്നു.

അച്ചൻ: ആലുവായിലെ ഗവൺമെന്റ് വക കാറു കത്തിച്ച കേഫാക്കാരെ കേസ്സിൽ നിന്ന് ഒഴിവാക്കിയതും മുൻ ഗവൺമെന്റ് തന്നെയാ.

കൊച്ചൻ: അതല്ലാ ഞാൻ പറഞ്ഞത്. ഇപ്പോ അഭയാ കേസ്സിലെ പ്രതികൾ അച്ചന്മാരും അമ്മമാരുമാണെന്നാണല്ലോ മാധ്യമങ്ങൾ പറയുന്നത്.

അച്ചൻ: മലങ്കര വറുഗ്ഗീസ് കേസ്സും സി.ബി.ഐ. അന്വേഷിക്കുന്നുണ്ട്. എന്താകുമോ? പ്രതികൾ ബാവായും മെത്രാന്മാരും ആകാതിരുന്നാൽ മതിയായിരുന്നു.

കൊച്ചൻ: അഭയാ കേസ്സ് സി. ബി. ഐ 18 വർഷമായി അന്വേഷിക്കാൻ തുടങ്ങിയിട്ട്. എന്തായാലും മലങ്കര വറുഗ്ഗീസ് കേസ്സ് 25 വർഷമെങ്കിലും എടുക്കും, അപ്പോഴേക്കും യഥാർത്ഥ പ്രതികൾക്ക് പ്രായമാകും. ലോക്കൽ പോലീസു പോലും അന്വേഷിച്ചെങ്ങും എത്തിയതുമില്ല.

അച്ചൻ: അതിലുപരി അവരുടെ മാനേജിഗ് കമ്മറ്റിയിൽ വറുഗീസിനൊപ്പം ഇരുന്നവർക്കും ഇപ്പോഴുള്ളവർക്കും ഈ കൊലപാതകത്തിൽ വലിയ വ്യസനമില്ല.

കൊച്ചൻ: ശരിയാ. നമ്മുടെ ശല്യം തീർന്നു. അവർക്ക് ആഘോഷിക്കാൻ ഒരു രക്തസാക്ഷിയെയും കിട്ടി.

അച്ചൻ: ഓർത്തഡോക്സുകാർ ഏഴ് മെത്രാന്മാരെ വാഴിക്കുവാൻ പോകുകയാ.

കൊച്ചൻ: അവർക്ക് മെത്രാനെ വാഴിക്കാൻ അസോസ്യേഷൻ കൂടി ഭൂരിപക്ഷം കിട്ടണം അല്ലേ അച്ചാ.

അച്ചൻ: ചുമ്മാ. ചില മെത്രാന്മാരും കോട്ടയം കുഞ്ഞച്ചന്മാർക്കും താല്പര്യമുള്ള കുറച്ചച്ചന്മാരുടെ പേര് പറയും. അവരിലിഷ്ടമുള്ളവർക്ക് വോട്ടു ചെയ്യാം.

കൊച്ചൻ: മുപ്പതിൽ കൂടുതൽ പേര് ഉണ്ട് മത്സരിക്കാൻ.

അച്ചൻ: അസോസ്യേഷനും മാനേജിംഗ് കമ്മറ്റിയും, തീറ്റ കമ്മറ്റിയാ. നമ്മുടെ പള്ളി പിടിക്കാനും ജനുവരി 25-ാം തീയതി ആലുവ തൃക്കുന്നത്ത് പ്രശ്നം പറഞ്ഞ് എൽ. ഡി. എഫും. യു. ഡി. എഫും കളിക്കാനുമാണ് അവരുടെ 1934-ലെ ഭരണഘടനയും കോടതി ഉത്തരവും മാനേജിംഗ് കമ്മറ്റിയും അസോസ്യേഷനുമൊക്കെ.

(ശേഷം 4-ാം പേജിൽ)

## സഭായോജിപ്പിന് തടസ്സം വിഘടിത വിഭാഗം

**ജോസി മാത്യു, ന്യൂയോർക്ക്**

സഭയിൽ യോജിപ്പിന് എന്നും തടസ്സം ഓർത്തഡോക്സ് വിഭാഗമാണെന്നുള്ള ഷെവ. വി. കെ. പൗലോസ് കൂരന്റെ വാദം ക്രൂരവും അടിസ്ഥാനരഹിതവുമാണ് (സഭാ സംരക്ഷകൻ, മെയ്യ്1-15). സഖാ പ്രഥമൻ തിരുമേനി പാത്രിയർക്കീസ് ആയാൽ സഭയിൽ സമാധാനം ഉണ്ടാകുമെന്നുള്ള പൗലോസ് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ വിശ്വാസം തികച്ചും തെറ്റായിരുന്നെന്ന് കാലം തെളിയിച്ചു കഴിഞ്ഞ കാര്യമാണ്.

സഭയിൽ സമാധാനം ഉണ്ടാകണമെന്ന് ആഗ്രഹം ഉണ്ടായിരുന്നെങ്കിൽ ആദ്യം ചെയ്യേണ്ടിയിരുന്നത് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ ചെയ്തതുപോലെ സഖാ പ്രഥമൻ ബാവായും തന്റെ മുൻഗാമിക്കു പറ്റിയ തെറ്റിന് മാപ്പു പറയുക എന്നുള്ളതായിരുന്നു. 1970-ലെ 203-ാം നമ്പർ കല്പന മൂലം യാക്കോബ് തൃതീയൻ പാത്രിയർക്കീസ് മാർത്തോമ്മായുടെ പിൻഗാമികളിൽ ഏൽപ്പിച്ച മുറിവ് ഇതുവരെ ഉണങ്ങിയിട്ടില്ല. തോമാ ശ്ലീഹായുടെ പേര് ദുബ്ദേനിൽ ചേർത്തതുകൊണ്ടു മാത്രമായില്ല.

1982-ലെ സന്ദർശന വേളയിൽ പാത്രിയർക്കീസിന് സഭയിൽ സമാധാനം ഉണ്ടാക്കണമെന്ന് ആഗ്രഹം ഉണ്ടാകുകയും അതിനായി ആഹ്വാനം നടത്തുകയും ചെയ്തു പോലും! പാത്രിയർക്കീസിനെ ആരാണ് മലങ്കരയിലേക്ക് ക്ഷണിച്ചത്? കാതോലിക്കായുടെ അധികാരപരിധിയിൽ സന്ദർശനം നടത്തുന്നതിന് കാതോലിക്കായുടെ അനുവാദം ആവശ്യമായിരുന്നു. അത് ലംഘിച്ചുകൊണ്ടാണ് പാത്രിയർക്കീസ് സന്ദർശനം നടത്തിയത്.

സഭയിൽ സമാധാനം ഉണ്ടാക്കണമെന്ന് ആഗ്രഹം ഉണ്ടായിരുന്നെങ്കിൽ ഒരിക്കലും സഭയുടെ അനുമതി കൂടാതെ മെത്രാന്മാരെയും ശ്രേഷ്ഠ ബാവായെയും വാഴിക്കാൻ പാത്രിയർക്കീസ് കൂട്ടുനില്ക്കില്ലായിരുന്നു. മറ്റ് സഭാതലവന്മാർ അഭ്യർത്ഥിച്ചിട്ടു പോലും ശ്രേഷ്ഠ ബാവായെ വാഴിക്കുന്നതിൽ നിന്നും അദ്ദേഹം പിന്മാറിയില്ല. ശ്രേഷ്ഠ ബാവാ നെടുമ്പാശ്ശേരിയിൽ കാലുകുത്തിയ നിമിഷം മുതൽ അക്ഷരാർത്ഥത്തിൽ തന്നെ കൂട്ട അടിയും തുടങ്ങി.

സമാധാന ചർച്ചയുടെ പേരിൽ ഇല്ലാത്ത അധികാരങ്ങൾ മലങ്കരയിൽ അടിച്ചേല്പിക്കാനാണ് പണ്ടു മുതലേ പാത്രിയർക്കീസുമാർ ശ്രമിച്ചിട്ടുള്ളത്. സമാധാനം വേണമെന്ന് പറയുകയും നിയമലംഘനങ്ങൾ, കയ്യേറ്റങ്ങൾ, ഗുണ്ടായിസം ഇവ നടത്തുകയും ചെയ്യുന്നത് പാത്രിയർക്കീസ് കക്ഷിയുടെ സ്ഥിരം പരിപാടിയാണ്. കഴിഞ്ഞ തലമുറയും ഈ തലമുറയും കേസ് നടത്തി. അടുത്ത തലമുറയെങ്കിലും രക്ഷപെടണമെങ്കിൽ കോടതിവിധികൾ അനുസരിക്കുകയും നിയമം കയ്യിൽ എടുക്കാതിരിക്കുകയും വാടക ഗുണ്ടകളെ ഇറക്കി സഭാ നേതാക്കന്മാരെ വകവരുത്താതിരിക്കാൻ ശ്രമിക്കുകയുമാണ് വേണ്ടത്. കോടതികളിൽ തങ്ങളുടെ മുടന്തൻ ന്യായങ്ങൾ വിലപ്പോകില്ലെന്ന് അറിയാവുന്നതുകൊണ്ടാണ് പാത്രിയർക്കീസ് പക്ഷം മദ്ധ്യസ്ഥത തേടുന്നത്. എന്നാൽ ആലുവാ തൃക്കുന്നത്തു സെമിനാരി പ്രശ്നത്തിൽ മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഉണ്ടാക്കിയ ഒത്തുതീർപ്പ് അടുത്ത വർഷം തന്നെ അവർ ലംഘിച്ചു. വീണ്ടും മദ്ധ്യസ്ഥതയെപ്പറ്റി പറയാൻ ലജ്ജയില്ലേ?

ദ്രവ്യാഗ്രഹിയും അധികാരമോഹിയുമായിരുന്ന അബ്ദുള്ളാ പാത്രിയർക്കീസ് തുർക്കി സുൽത്താനെ സ്വാധീനിച്ച് അബ്ദുൾ മശിഹാ പാത്രിയർക്കീസിനെ സ്ഥാനഭ്രഷ്ടനാക്കിയെങ്കിലും കൈവെപ്പിന് ഒരു കുറവും ഇല്ലെന്ന് പൂർണ്ണ ബോദ്ധ്യം ഉള്ളതുകൊണ്ടാണ് അദ്ദേഹത്തെ മലങ്കരയിലേക്ക് ക്ഷണിക്കുകയും കാതോലിക്കേറ്റ് പുനഃസ്ഥാപനം നടത്തുകയും ചെയ്തത്. ഇക്കാര്യങ്ങൾ പൂർണ്ണമായും അറിയാമായിരുന്നതുകൊണ്ടാണ് പാത്രിയർക്കീസ് പക്ഷത്തായിരുന്നെങ്കിലും ഔഗേൻ റമ്പാൻ (നാലാം കാതോലിക്കാ) കാതോലിക്കാവാഴ്ച്ചയിൽ പങ്കെടുത്തതും അതിനുശേഷം സമാധാനശ്രമങ്ങൾക്ക് തുടക്കം കുറിച്ചതും. സഭയിൽ സമാധാനം ഉണ്ടാകണമെന്ന് അതിയായി ആഗ്രഹിച്ചതുകൊണ്ടാണ് 1942-ലെ ആലുവാ സമാധാന സമ്മേളനത്തിൽ പ. ഗീവർഗീസ് ദ്വിതീയൻ ബാവാ പങ്കെടുത്തത്. എന്നാൽ അവിടെനിന്നും പ. ബാവായെ അപമാനിച്ചു വിടുകയാണുണ്ടായത്. പ. ബാവായെ വൃദ്ധൻ പുന്നൂസ് എന്ന് പരിഹസിച്ചവർ 58-ലെ സുപ്രീംകോടതി വിധിയോടുകൂടി നിലപാടുകൾ പൂർണ്ണമായും മാറ്റി. അതുവരെ പട്ടം ഇല്ലാതിരുന്നവർക്ക് പെട്ടെന്ന് പട്ടം ഉണ്ടായി. കോടതിച്ചിലവു പോലും വേണ്ടെന്ന് വച്ചത് സഭയിൽ പൂർണ്ണ സമാധാനം ഉണ്ടാകുന്നതിനു വേണ്ടിയായിരുന്നു. എന്നാൽ ചതിവും വഞ്ചനയും മാത്രം കൈമുതലായുള്ള പാത്രിയർക്കീസ് പക്ഷം വിധി നടത്തിപ്പിന്റെ കാലാവധിയായിരുന്ന 12 വർഷം കഴിഞ്ഞയുടനെ നൂതന സിംഹാസന വിരുദ്ധ വാദവുമായി സഭയിൽ കലഹത്തിന്റെ വിത്തുകൾ വിതച്ചു. അതിന്റെ ഫലങ്ങളാണ് സഭ ഇപ്പോഴും അനുഭവിച്ചുകൊണ്ടിരിക്കുന്നത്.

സുപ്രീംകോടതി നിർദ്ദേശാനുസരണം ജസ്റ്റീസ് മളീമഠിന്റെ സാന്നിദ്ധ്യത്തിൽ അസ്സോസിയേഷൻ കൂടുന്നതിന് കാശ് കെട്ടിവെച്ചത് എന്തിനായിരുന്നു? അവസാന നിമിഷത്തിൽ മുടന്തൻ ന്യായങ്ങൾ പറഞ്ഞ് അസ്സോസിയേഷൻ ബഹിഷ്ക്കരിച്ചത് ചില വ്യക്തികളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടി മാത്രമായിരുന്നു. സഭ യോജിക്കണമെന്നുള്ള ഇരു വിഭാഗത്തിലെയും ബഹു ഭൂരിപക്ഷത്തിന്റെ ആഗ്രഹമാണ് നടക്കാതെ പോയത്. അതിന്റെ പൂർണ്ണ ഉത്തരവാദിത്വം പാത്രിയർക്കീസ് കക്ഷിക്ക് മാത്രമാണ്.

"1958-ന് മുമ്പ് പ. പാത്രിയർക്കീസ് ബാവായുടെ കീഴിലുള്ള മലങ്കരസഭയിലെ രണ്ട് വിഭാഗങ്ങൾ മാത്രമാണ് ബാവാക്കക്ഷി, മെത്രാൻ കക്ഷി എന്നത്" എന്നുള്ള വാദം വിചിത്രമായിരിക്കുന്നു. മുളന്തുരുത്തി സുന്നഹദോസു മുതൽ 1912 വരെ സഭയുടെ ആത്മീയ മേലദ്ധ്യക്ഷസ്ഥാനം മാത്രമേ പ. പാത്രിയർക്കീസിന് ഉണ്ടായിരുന്നുള്ളു. ലൗകിക അധികാരം കൂടി വേണമെന്നുള്ള അബ്ദുള്ളാ പാത്രിയർക്കീസിന്റെ ദുരാഗ്രഹമാണ് സഭയിൽ ഭിന്നത ഉണ്ടാക്കിയത്. യാക്കോബായസഭ പത്രോസ് ശ്ലീഹായുടെ സിംഹാസനത്തിലാണ് വിശ്വസിക്കുന്നതെന്നുള്ള നിലപാട് കീഴ്സ്ഥാനി, ഷെവലിയർ, കമാൻഡർ മുതലായ സ്ഥാനമാനങ്ങൾ മോഹിച്ചുമാത്രമാണ്. പത്രോസ് ശ്ലീഹായല്ല മലങ്കരയിൽ സഭ സ്ഥാപിച്ചത്. മലങ്കരയിൽ സഭ സ്ഥാപിച്ചത് തോമാ ശ്ലീഹായാണ്. സിംഹാസനത്തെപ്പറ്റി സംശയമുള്ളവർ വി. മത്തായിയുടെ സുവിശേഷം 19:28 വായിക്കുന്നത് നല്ലതായിരിക്കും.

സഖാ പ്രഥമൻ ബാവായുടെ 1995-ലെ ഇ/175/95 നമ്പർ കല്പനയിൽ പറഞ്ഞിരിക്കുന്നതുപോലെ "ക്രിസ്തീയ സാക്ഷ്യം വികലമാക്കുന്ന വിഭജനം അവസാനിപ്പിച്ച് സഭയുടെ യോജിപ്പിനും സമാധാനത്തിനുമായി പ്രവർത്തിക്കുവാൻ" എല്ലാവരും തയ്യാറായാൽ അത് വരുംതലമുറയോട് ചെയ്യുന്ന ഏറ്റവും വലിയ നന്മയായിരിക്കും.

## ഓർത്തഡോക്സ് സഭയും സംവരണ പ്രശ്നവും

**ജോർജ്ജ് ആലപ്പുഴ**

സുപ്രീംകോടതി വിധിക്കുശേഷം ക്രൈസ്തവസഭകൾ പാലിക്കുന്ന നിസംഗത അപലപനീയമാണ്. സംവരണാനുകൂല്യം ലഭിക്കാത്ത സമുദായങ്ങളിലെ ദരിദ്രർക്കും സംവരണം നൽകുന്നതിനനുകൂലമായ സുപ്രീംകോടതി പരാമർശങ്ങൾ ഉണ്ടായിട്ടും നിയമമാക്കിത്തീർക്കുവാൻ വേണ്ട യാതൊരു ശ്രമങ്ങളും ക്രൈസ്തവസഭകൾ നടത്തുന്നില്ല. ഈ സാഹചര്യത്തിൽ മലങ്കര ഓർത്തഡോക്സ് സഭ സാമ്പത്തികവും, സാമൂഹികവുമായ പിന്നോക്കാവസ്ഥകളെക്കുറിച്ചു പഠിച്ചു സഭയിലെ ദരിദ്രർക്കു സംവരണാനുകൂല്യം ലഭ്യമാകുന്നതിനനുകൂലമായ നിലപാടു സ്വീകരിക്കണം. ഈ കാര്യത്തിൽ എൻ.എസ്.എസ്. കാണിക്കുന്ന ആർജ്ജവം ഓർത്തഡോക്സ് സഭയും കാണിക്കണം.

## മലങ്കരസഭയുടെ ആകമാന വളർച്ചയായിരിക്കണം ഉന്നമനം

**കെ. എം. പീറ്റർ**

ബാഹ്യകേരള ഭദ്രാസനത്തിന്റെ അഴിച്ചുപണിയുടെ അനന്തരഫലമായും നമ്മിൽ നിന്നും അടുത്ത കാലത്തു വേർപെട്ടുപോയ സഭാ മേലദ്ധ്യക്ഷന്മാരുടെ സ്ഥാനത്തേക്കായും 7 മേൽപട്ടക്കാരെ അടുത്ത സെപ്റ്റംബറിൽ തിരഞ്ഞെടുക്കാൻ പോകുന്നു. കേരളത്തിലെ വലിയ ഭദ്രാസനങ്ങളിലെ ചില ഇടവകകൾ ചേർത്തു ഭരണസൗകര്യാർത്ഥം പുതിയ ഇടവകകൾ വാർത്തെടുക്കാനായുണ്ടായിരുന്ന ആലോചനകൾ, ആ വക ഇടവകകളുടെ ഭരണസാരഥ്യം വഹിക്കുന്ന വന്ദ്യ ആത്മീയപിതാക്കളുടെ എതിർപ്പിനെ തുടർന്നു തൽക്കാലം മാറ്റിവെക്കേണ്ടി വന്നത്രേ!

മലങ്കരസഭയുടെ അൽമായ മക്കൾ, സഭയുടെ ആകമാന വളർച്ചക്കായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ആവുന്ന കഴിവിന്നതീതമായി സാമ്പത്തിക കൈത്താങ്ങലും നൽകി ഭദ്രാസനത്തേയും ഭദ്രാസനാധിപരേയും പരിരക്ഷിക്കുമ്പോൾ വന്ദ്യ മേൽപട്ടക്കാർ തങ്ങളുടെ ഭദ്രാസനത്തിൽ നിന്നും ചെറുഭാഗങ്ങൾ പോലും സഭയുടെ ആകമാന വളർച്ചക്കായി വിട്ടുകൊടുക്കാൻ മടിക്കുന്നതു വളരെ ഖേദകരം തന്നെ. എന്റെ ഭദ്രാസനം എന്ന ഇടുങ്ങിയ ചിന്താഗതികളിൽ നിന്നും സഭയുടെ ആകമാന വളർച്ച എന്ന ചിന്താഗതിയിലേക്കുയർത്താൻ തിരുമേനിമാരുടെ ഭദ്രാസന സ്ഥലംമാറ്റം ഉതകും. കാര്യങ്ങൾ എന്തുതന്നെ ആയാലും അധികകാല വിളമ്പമെന്യേ കേരളത്തിൽ ചില പുതിയ ഭദ്രാസനങ്ങൾ ഉടലെടുക്കും. അവർക്കും മേൽപട്ട സ്ഥാനികളെ കണ്ടെത്തേണ്ടിയിരിക്കുന്നു.

നിലവിലുള്ള ചുറ്റുപാടുകളുടെ അടിസ്ഥാനത്തിലും വളർന്നുകൊണ്ടിരിക്കുന്ന സഭയുടെ ആവശ്യങ്ങളെ മുൻകണ്ടുകൊണ്ടുമായിരിക്കണം ആകെ തിരഞ്ഞെടുക്കാനായുള്ള മേൽപട്ടക്കാരുടെ എണ്ണം നിശ്ചയിക്കാൻ. അടിക്കടി മേൽപട്ടക്കാരുടെ ആവശ്യങ്ങളുണ്ടാകുമ്പോഴൊക്കെ, നമ്മുടെ നിലവിലുള്ള നടപടിക്രമപ്രകാരം തിരുമേനിമാരെ തിരഞ്ഞെടുക്കുകയും വാഴിക്കുകയും ചെയ്യുന്നതു അത്ര എളുപ്പമായ കാര്യമല്ല. കാലോചിതമായ മാറ്റങ്ങൾ മേൽപട്ടക്കാരുടെ തിരഞ്ഞെടുപ്പിലും വരുത്തേണ്ടിയിരിക്കുന്നു.

## വ്യവസ്ഥാപിത സഭകളും മറ്റു കൂട്ടരും ഒട്ടും മോശക്കാരല്ല

**കെ. എം. പി.**

ഈ ചെറു പ്രതികരണം, ഓർത്തഡോക്സ് സഭയുടെ ഔദ്യോഗിക മുഖപത്രമായ മലങ്കര സഭയുടെ ജൂൺ ലക്കത്തിൽ "ഇങ്ങനെ ഒക്കെയാണ് ഇവർ പറയുന്നത്" എന്ന തലക്കെട്ടിൽ കാലികത്തിൽ പല മാധ്യമങ്ങളിലെ പ്രതികരണങ്ങൾ ക്രോഡീകരിച്ചുകൊണ്ടു പ്രസിദ്ധപ്പെടുത്തിയ ലേഖനത്തെ ആധാരമാക്കിയാണ്. ആ ലേഖനകർത്താവ്, ലേഖനത്തിൽ വന്ന വിവിധ മാധ്യമങ്ങളുടെ വിമർശനങ്ങളെ ആധാരമാക്കി ഒരു തുറന്ന വിശകലനം നല്ലതാണെന്നു കാണിച്ചിരുന്നു. അതിന്റെ വെളിച്ചത്തിൽ താഴെ കാണിച്ചിരിക്കുന്ന അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുകൊള്ളട്ടെ.

വ്യവസ്ഥാപിത സഭകളായ റോമൻ കത്തോലിക്കാസഭ, ഓർത്തഡോക്സ്, പാത്രിയർക്കീസു സഭകൾ, മാർത്തോമ്മാ, സി.എസ്സ്.ഐ. ആദിയായ സഭകളിൽ നിന്നും, മേൽപട്ടക്കാരും, പട്ടക്കാരും, നേതാക്കളായ അയ്മേനിമാരും അവരവരുടെ സഭകളിലെ ആത്മീയവും ഭൗതികവുമായ കാര്യങ്ങൾക്കായി മുറയ്ക്കു പുറനാടുകളിൽ പോയി കോടാനുകോടി രൂപാ സമാഹരിക്കാറുണ്ട്. മേൽപട്ടക്കാരും പല വൈദികരും പിരിച്ചെടുത്ത തുകകളുടെ ശരിയായ കണക്കുകളൊന്നും കാണിക്കാറില്ല. ഓർത്തഡോക്സ് മേൽപട്ടക്കാർ പ്രത്യേകിച്ചും, തങ്ങൾ കർത്താവിനോടു മാത്രമേ ബോധിപ്പിക്കേണ്ടതുള്ളൂ എന്ന നിലപാടാണ് എടുക്കുന്നത് (Exception to Osthathios Thirumeni & a Very few others). നമ്മുടെ മേൽപട്ടക്കാർ ദൈവരാജ്യമഹത്വത്തിനെന്നും ദൈവവേലക്കാണെന്നും ഉള്ള ന്യായേന മുറയ്ക്കു പുറനാടുകളിൽ പോയി കോടാനുകോടികൾ പിരിച്ചെടുത്തു, കോടികൾ കൈവശം വെക്കുകയും, പല ട്രസ്റ്റുകളിൽ നിക്ഷേപിക്കുകയും, കുറേ ഒക്കെ പറ്റിക്കൂടി നടക്കുന്നവർക്കു കൊടുക്കുകയും വൻ തുകകൾ ഇഷ്ടാനുസരണം ചിലവാക്കുകയും ചെയ്യാറില്ലേ?

ബഹുമാന്യനായ ബിഷപ്പ് കെ. പി. യോഹന്നാൻ നയിക്കുന്ന Believers Church India ക്കു അദ്ദേഹത്തിന്റെ ഭരണത്തിൻകീഴിൽ ചെറുതും വലുതുമായ ഏതാണ്ട് 1500-ൽ പരം പ്രാർത്ഥനാലയങ്ങളും അവകളെ നയിക്കാനായി അനേകം പാസ്റ്റർമാരും മറ്റു സഹായികളും ഉണ്ട്. പാസ്റ്റർമാരുടെ ശമ്പളത്തിനും മറ്റുള്ള ദൈനംദിന ചിലവുകൾക്കായും കോടികൾ വേണ്ടിവരുന്നു. ഏതാണ്ടിതേമാതിരി തന്നെ, വേറേ പല ക്രിസ്തീയ സഭകളും അവകളെ നയിക്കുന്ന ഇടയന്മാരും ഉണ്ട്. അവകളുടെ വളർച്ചയും പ്രവർത്തനങ്ങളും നടക്കുന്നത് അന്യനാട്ടിൽ നിന്നും വരുന്ന കൈത്താങ്ങലുകൾ കൊണ്ടും കൂടിയാകുന്നു. ഇപ്രകാരമുള്ള കൈത്താങ്ങലുകൾ ലഭിച്ചില്ലെങ്കിൽ തന്നെയും തങ്ങളുടെ ദൈവവേലകൾ മുടങ്ങിപോകാതെ തുടരണം എന്ന ചിന്താഗതിയിൽ തോട്ടങ്ങളും(നേന്ദ്രവേലിപാടങ്ങളെ പോലുള്ള പാടങ്ങളും മറ്റും നമുക്കുണ്ടായിരുന്നു) വാടകയ്ക്കു കൊടുക്കത്തക്ക കെട്ടിടങ്ങളും ആ പ്രസ്ഥാനങ്ങളുടെ നടത്തിപ്പിനായി വാങ്ങിയെന്നും വൻ തുകകൾ എഫ്. ഡി. യിൽ നിക്ഷേപിച്ചെന്നും വരാം. ഇതൊക്കെ തന്നെയല്ലേ ഓർത്തഡോക്സ് സഭയും മറ്റെല്ലാ വ്യവസ്ഥാപിത സഭകളും ചെയ്യുന്നത്. പക്ഷേ അവരെ പഴിക്കാനും അവരുടെ കുറ്റങ്ങളും കുറവുകളും പരസ്യമായി പ്രസ്താവിക്കാനും തരം താഴ്ത്താനും പൊതുജനം അത്ര ധൈര്യപ്പെടുകയില്ലെന്നു മാത്രം.

മാതാ അമൃതാനന്ദമയിയുടെ വൻ തോതിലുള്ള ആതുരസേവനത്തിന്റെ പിന്നിലും കോടാനുകോടികളുടെ അമേരിക്കൻ ഡോളർ തുണയായി എത്തുന്നു. രാജ്യത്തിന്റെ നിലവിലുള്ള നിയമാവലികളെ പാലിച്ചു പുറംനാടുകളിൽ നിന്നും കിട്ടുന്ന കൈത്താങ്ങലുകൾ സ്വീകരിച്ചു പൊതുജനസേവനം ചെയ്യുന്ന പ്രൊഫ. എം. വൈ. യോഹന്നാനെ പോലുള്ളവരേയും പൊതുജനം ക്രൂശിക്കാൻ മടിക്കില്ല.

**അൽമായവേദി**

**വാർഷിക വരിസംഖ്യ:**
**100 രൂപ (ഇന്ത്യയിൽ)**

**വിലാസം: AKHILA MALANKARA ORTHODOX ALMAYA VEDI, Post Box No. 652, Kottayam PIN 686 001**

**AKHILA MALANKARA ORTHODOX ALMAYA VEDHI**

**(Reg. No. K - 713/2005) Post Box No. 652, Kottayam 686 001**

അൽമായവേദിസംബന്ധമായ കാര്യങ്ങൾക്ക് താഴെപ്പറയുന്നവരുമായി മാത്രം ബന്ധപ്പെടുക. **പൊതുവായ കാര്യങ്ങൾ:** കെ. വി. ഏബ്രഹാം കൊടുവത്ത് (പ്രസിഡണ്ട്) ഫോൺ: 9895561426. **നയപരമായ കാര്യങ്ങൾ**: തോമസ് ചാണ്ടി (ജനറൽ സെക്രട്ടറി) ഫോൺ: 9349437714. **പ്രസിദ്ധീകരണം സംബന്ധിച്ച കാര്യങ്ങൾ**: ഫീലിപ്പോസ് പൊട്ടക്കാവയലിൽ (എഡിറ്റർ) ഫോൺ: 9847565510. **സാമ്പത്തിക കാര്യങ്ങൾ, വരിസംഖ്യ സംഭാവന മുതലായവ**: ജോർജ്ജ് മാത്യു ചക്കാലപ്പറമ്പിൽ (ട്രഷറർ) ഫോൺ: 9349916816
**വാർഷിക വരിസംഖ്യ** – വരിസംഖ്യ മുകളിൽ കാണുന്ന മേൽവിലാസത്തിൽ M. O ആയോ Bank of Maharashtra A/c ലേക്ക് അയക്കുകയോ ചെയ്യാം.

**PRINTED MATTER ONLY**
**(P & T Section II Clause 121)**

To,

**From,**

**AKHILA MALANKARA ORTHODOX ALMAYA VEDHI**
**POST BOX NO. 652, KOTTAYAM 686 001**

**സഭയുടെ ഭിത്തിയെ ബലവത്താക്കുവാനും സഭാഗാത്രത്തിന് ശക്തി പകരുവാനുമായി അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി പ്രസിദ്ധീകരിക്കുന്നത്.**

**Almayavedi:** Printed and Published by K. V. Abraham Koduvath (President) on behalf of Akhila Malankara Orthodox Almayavedhi, PB No. 652, Kottayam - 686001, printed at Sophia Print House, Surya Guest Line, Thekkenada, Kottayam and published from Kottayam. Editor: Philipose Pottakkavayalil Ph: 93497 54448